# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.-ഇ3/771/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 16/10/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
2. അസി.ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), വയനാട്.
3. ഓഫീസ് പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.-ഇ3/771/2023 തീയ്യതി: 16/10/2023

## വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-01-2023 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വസന്ത പി.എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-07-2023 | 15-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-07-2023 | 15-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ. ശശീന്ദ്രൻ. കെ. ഓഡിറ്റ് ഓഫീസർ

2. ശ്രീ.അലിഅക്ബർ. കെ.അസി.ഓഡിറ്റ് ഓഫീസർ.

3. ശ്രീമതി.ഇന്ദു.കെ.നായർ , സീനിയർ ഗ്രേഡ് ഓഡിറ്റർ

4. ശ്രീ. വിപിൻചന്ദ്രൻ. എം.ടി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നസീമ ടീച്ചർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ സിറിയക് ടി കുര്യാക്കോസ് | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ ജോർജജ് ജോസഫ് | സെക്രട്ടറി | 01-06-2022 | 11-09-2022 |
| ശ്രീ ദീപ്തി ആർ | സെക്രട്ടറി | 12-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോൺ വർഗ്ഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 04-07-2022 |
| ശ്രീമതി ശ്രീലേഖ എൻ എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 05-07-2022 | 04-12-2022 |
| ശ്രീമതി ഹസ്ന | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 05-12-2022 | 31-03-2023 |
| ഡോ ഷാഹിദ് ടി പി | മെഡിക്കൽ ഓഫീസർ (സി. എച്ച് സി), മേപ്പാടി | 01-04-2022 | 01-11-2022 |
| ഡോ അർജ്ജുൻ സി എം | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി ),മേപ്പാടി | 02-11-2022 | 31-03-2023 |
| ഡോ വിൻസെന്റ് ജോർജ്ജ് | മെഡിക്കൽ ഓഫീസർ (സി. എച്ച് സി), തരിയോട് | 01-04-2022 | 31-03-2023 |
| ഡോ ഷെറിൻ ജോസഫ് സേവ്യർ കല്ലുപുരയ്ക്കൽ | സൂപ്രണ്ട്, വൈത്തിരി താലൂക്ക് ആശുപത്രി | 01-04-2022 | 31-03-2023 |
| ഡോ ജയരാജ് കെ | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീബ മുല്ലപ്പള്ളി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ മമ്മൂട്ടി കെ | കൃഷി അസി.ഡയറക്ടർ | 01-04-2022 | 02-08-2022 |
| ശ്രീമതി രേഖ ടി | കൃഷി അസി.ഡയറക്ടർ | 03-08-2022 | 31-10-2022 |

| | | | |
|---|---|---|---|
| ശ്രീ അനിൽ കുമാർ ബി | കൃഷി അസി.ഡയറക്ടർ | 01-11-2022 | 21-12-2022 |
| ശ്രീമതി ചിത്ര എ ആർ | കൃഷി അസി.ഡയറക്ടർ | 22-12-2022 | 12-03-2023 |
| ശ്രീമതി ഷെറിൻ മുള്ളർ | കൃഷി അസി.ഡയറക്ടർ | 13-03-2023 | 31-03-2023 |
| ശ്രീമതി കാർത്തിക അന്ന തോമസ് | ശിശു വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ ബാബുരാജ് ബി.ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-05-2022 |
| ശ്രീ ദൊരൈസ്വാമി പി ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-06-2022 | 24-07-2022 |
| ശ്രീ യേശുദാസ് എക്സ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 25-07-2022 | 31-03-2023 |
| ശ്രീമതി നയനരാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 27-09-2022 |
| ശ്രീമതി മജ്ഞുഷ കെ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 28-09-2022 | 05-10-2022 |
| ശ്രീ ഷാജി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 06-10-2022 | 31-03-2023 |
| ശ്രീ ബാബുരാജ് എം.എൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 12-09-2022 |
| ശ്രീ അനീഷ് ജോസ് | പട്ടികജാതി വികസന ഓഫീസർ | 13-09-2022 | 26-09-2022 |
| ശ്രീ ശ്രീനാഥ് എസ് | പട്ടികജാതി വികസന ഓഫീസർ | 27-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | എല്ലാ ബാങ്ക് അക്കൗണ്ടുകൾക്കും പ്രതിമാസ ബാങ്ക് റീ കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-3 |
| 5 | ബാലൻസ് ഷീറ്റ് ബി-4 പ്രകാരമുള്ള ബാലൻസും ബി-17 പ്രകാരമുള്ള ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | വാർഷിക ബഡ്ജറ്റ് 2022-2023 തയ്യാറാക്കൽ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചില്ല | 1-2-1 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 12 | അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പിലാക്കിയതിന്റെ വിവരം | 1-5 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 16 | സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്, | 1-9 |
| 17 | താലൂക്ക് ആശുപത്രി- ഒ.ഡി.പി ട്രാൻസ്ഫോർമേഷൻ പ്രവർത്തി - പൂർത്തീകരണ സാക്ഷ്യപത്രം / ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-10 |
| 18 | തരിയോട് സി.എച്ച്.സി യിൽ ഉപകരണങ്ങ**ൾ** വാങ്ങാ**ൻ**-തുക കൈമാറിയിട്ടും ഉപകരണങ്ങ**ൾ** ലഭ്യമായിട്ടില്ല 591557/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-11 |
| 19 | പാലിന് സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയില്ല | 1-12 |
| 20 | ഭിന്നശേഷി വിദ്യാർഥിക**ൾ**ക്ക് സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തുക**ൾ**ക്ക് വിഹിതം ന**ൽകൽ** - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-13 |

| | | |
|---|---|---|
| 21 | നടപ്പാതകളുടെ നിർമ്മാണം - പദ്ധതി മാർഗ്ഗരേഖ ലംഘനം- ₹ 16,39,722.00 തടസ്സപ്പെടുത്തുന്നു. | 1-14 |
| 22 | അരമംഗലം അംഗൺവാടിക്ക് മുകളിൽ പകൽ വീട് നിർമ്മാണം - നിലവിലും ഉപയോഗ ക്ഷമമല്ല -₹ 4,78,457.00 തടസ്സപ്പെടുത്തുന്നു. | 1-15 |
| 23 | മാങ്കുനി ട്രൈബൽ ഹോസ്റ്റൽ കമ്പനിക്കുന്ന് റോഡ് വാർഡ് 12 തരിയോട് ഗ്രാ.പ – ടെണ്ടർ നടപടിക്രമങ്ങൾ ലംഘിച്ചു -പ്രോജക്ട് ഇല്ലാതെ പദ്ധതി നടപ്പാക്കി | 1-16 |
| 24 | നെല്ലിക്കൽ കുന്ന് കുടിവെള്ള പദ്ധതി - ₹ 5,787.00 അധികം തുക നൽകി | 1-17 |
| 25 | ഷീ ലോഡ്ജ്-ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല - ₹ 7,60,401.00 തടസ്സപ്പെടുത്തുന്നു. | 1-18 |
| 26 | സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിച്ചിട്ടില്ല- ₹ 81,690.00 അധികം നൽകി | 1-19 |
| 27 | പൊളിച്ചുമാറ്റിയ വസ്തുക്കൾ ലേലം ചെയ്തത് - തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല- | 1-20 |
| 28 | ഘടകസ്ഥാപനങ്ങളിലെ ലാൻ വയറിംഗ് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ് | 1-21 |
| 29 | തുല്യതാ പരിക്ഷ-പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ഫീസിനത്തിൽ അനർഹമായി ഒടുക്കിയ 16200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 30 | പി.എം.എ.വൈ ഭവന നിർമ്മാണ പ്രോജക്ട്-അവലോകനം | 1-23 |
| 31 | ഗോത്രസാരഥി പദ്ധതിക്ക് വിഹിതം നൽകൽ-പദ്ധതിയുടെ ഫലപ്രാപ്തി മോണിറ്റർ ചെയ്യപ്പെടുന്നില്ല | 1-24 |
| 32 | കർളാട് ടൂറിസം പദ്ധതി യാഥാർഥ്യമാക്കാനുള്ള തുടർ പ്രവർത്തനങ്ങൾ ഊർജിതമാക്കേണ്ടതാണ്. | 1-25 |
| 33 | പത്രപരസ്യചാർജ്ജിനത്തിൽ അർഹമായ ഡിസ്കൗണ്ട് ലഭ്യമാക്കൽ- നടപടിസ്വീകരിക്കേണ്ടതാണ് . | 1-26 |
| 34 | റിസോസ് റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മാണം.- സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർക്കാർ അനുമതിക്കായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-27 |
| 35 | തൊഴിലുറപ്പ് പദ്ധതി ഭരണചെലവുകൾക്ക് കൈമാറിയ തുക പൂർണ്ണമായും തിരികെ ലഭ്യമായില്ല. | 1-28 |
| 36 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലെ ഭൂആസ്തികൾ കണ്ടെത്തി സംരക്ഷിക്കേണ്ടതാണ് | 1-29 |
| 37 | സ്വയം തൊഴിൽ സംരഭത്തിന് സബ്സിഡി ലഭിച്ച ഗ്രൂപ്പുകൾ സംരഭം തുടങ്ങിയില്ല. | 1-30 |
| 38 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-31 |

| | | |
|---|---|---|
| 39 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ ) | 1-31-1 |
| 40 | സർക്കാർ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനമുറി | 1-31-2 |
| 41 | ദേശീയ അന്തർ ദേശീയ സർവകലാശാലകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം -പദ്ധതിയിൽ നിർദ്ദേശിച്ചതിനേക്കാൾ അധിക തുക നൽകി | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | നെല്ലിക്കൽ കുന്ന് കുടിവെള്ള പദ്ധതി - ₹ 5,787.00 അധികം തുക നൽകി | 3-1 |
| 2 | സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറച്ചിട്ടില്ല - ₹ 81,696.00 അധികം നൽകി | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് സ്വീകരിച്ചതിന്റെ വിവരം | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യാവലോകനം | 4-10 |
| 11 | തീർപ്പാക്കാവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statements | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 215(4) പ്രകാരം കേരള പഞ്ചായത്ത് രാജ് ( അക്കൗണ്ട്സ് )ചട്ടങ്ങൾ ,2011 , KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ് , ധനകാര്യ കമ്മീഷൻ , മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ( 06.05.2023 ലെ 02/01 നമ്പർ തീരുമാനം ) തയ്യാറാക്കി 12.05.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 വർഷം അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം & എക്സ്പെൻറ്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്.ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത് . സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്നും മുക്തമാണോ എന്ന് എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് മാനദണ്ഡങ്ങൾ / മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമുള്ളതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അനുബന്ധ റിപ്പോർട്ടിലെ എന്റെ നീരിക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ച കാര്യങ്ങൾ ഒഴികെ , അതിലെ മറ്റ് നീരിക്ഷണങ്ങൾക്ക് വിധേയമായി , കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2022 – 23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു

സ്ഥലം:കൽപ്പറ്റ

തീയതി:16.10.2023 സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രകയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.( കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ,2011 , ചട്ടം 62 (എഫ്)).

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുക Net Cash Generated By Operating+investing+Financing Activity (A+B+C) യുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-3 എല്ലാ ബാങ്ക് അക്കൗണ്ടുകൾക്കും പ്രതിമാസ ബാങ്ക് റീ കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഒരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ട്

ബാലൻസ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പ്രക്രിയ കഴിഞ്ഞാൽ അടുത്തമാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ്, ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്(2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ,ചട്ടം 57). എല്ലാ ബാങ്ക് അക്കൗണ്ടുകൾക്കും പ്രതിമാസ ബാങ്ക് റീ കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

## 1-1-4 ബാലൻസ് ഷീറ്റ് ബി-4 പ്രകാരമുള്ള ബാലൻസും ബി-17 പ്രകാരമുള്ള ബാലൻസും പൊരുത്തപ്പെടുന്നില്ല

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ബി-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള പല ഗ്രാന്റുകൾക്കും പ്രത്യേക ട്രഷറി/ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഫണ്ടുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർഎഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.താഴെ ചേർത്തിരിക്കുന്ന പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേ ഉദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ് ഷീറ്റ് ബി-4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450420101 | UNION BANK OF INDIA 51610 - Corporation Bank 5772 | 26,32,283 |
| 2 | 450610103 | KGB- Miscellaneous.8430 | 29,41,123 |
| 3 | 450610103 | KGB- IAY PLAN 111025 | 22,94,764 |
| 4 | 450630101 | WDCB- EMS 0016 | 5,606 |

## 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമല്ല.ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും , ഡിപ്രീസിയേഷൻ ഷീറ്റ് ഹാജരാക്കാത്തതിനാലും ബാലൻസ് ഷീറ്റിലെ ബി-11 പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യത്തിന്റ കൃത്യതയും ഡിപ്രീസിയേഷന്റെ കൃത്യതയും പരിശോധിക്കാൻ സാധിച്ചില്ല.

## 1-1-6 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1 . ഡെപ്പോസിറ്റ് രജിസ്റ്റർ - B-7 പ്രകാരം വിവിധ ശീർഷകങ്ങളിൽ ആകെ 172284 രൂപ ഡെപ്പോസിറ്റ് ഉണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.
2.ലേല രജിസ്റ്റർ -RP -5 ൽ ലേലയിനത്തിൽ 87182 രൂപയുണ്ട് .ലേല രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3.വാടക രജിസ്റ്റർ - RP -43 ൽ വാടകയിനത്തിൽ 18000/- രൂപ വരവുണ്ട്. വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-2 ബജറ്റ്

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബഡ്ജറ്റ് 25-03-2022 ലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബഡ്ജറ്റ് 22.03.23 ലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ ഇപ്രകാരമാണ്.

| ഇനം | തുക |
|---|---|
| മുൻബാക്കി | 6,00000.00 |
| വരവ് | 736451000.00 |
| ആകെ | 737051000.00 |
| ചെലവ് | 736551000.00 |
| നീക്കിബാക്കി | 500000.00 |

## 1-2-1 വാർഷിക ബഡ്ജറ്റ് 2022-2023 തയ്യാറാക്കൽ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചില്ല

ഒൻപത് ഗ്രാമപഞ്ചായത്തുകളും, 16 റവന്യൂ വില്ലേജുകളും ഉൾപ്പെട്ടതാണ് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്. 2011 ലെ സെൻസസ് പ്രകാരം 2,00,474 ആണ് ജനസംഖ്യ. ജനസംഖ്യയിൽ 15% പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും. 6% പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും ഉൾപ്പെടുന്നു. ജനസംഖ്യയിൽ എല്ലാവിഭാഗത്തിനും, എല്ലാപ്രദേശങ്ങളിലും വികസനം എത്തിക്കുന്നതിന് സഹായകമായ ആസൂത്രണമാണ് ബജറ്റിലൂടെ ലക്ഷ്യമിടുന്നത്. അതുകൊണ്ട് തന്നെബജറ്റ് തയ്യാറാക്കൽ വളരെ കൃത്യതയോടെ നിർവ്വഹിക്കേണ്ടുന്ന ഒന്നാണ്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 175 (1) പ്രകാരം പഞ്ചായത്തുകൾ എല്ലാവർഷവും, തൊട്ടടുത്ത വർഷത്തേക്കുവേണ്ടി ഒരു വാർഷിക വികസന രേഖ തയ്യാറാക്കണം ഇത് പഞ്ചായത്ത് രാജ് നിയമം 214 (1) പ്രകാരം ഈവികസന രേഖ വാർഷിക പദ്ധതിയുടെ ഭാഗമാക്കണം. പദ്ധതി, പദ്ധതിയേതര ശുപാർശകൾ ക്രോഡികരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബഡ്ജറ്റ് തയ്യാറാക്കണം, വാർഷിക വികസന പദ്ധതി തയ്യാറാക്കിയിട്ടില്ലെങ്കിൽ, തദ്ദേശസ്വയംഭരണ സ്ഥാപനം പ്രമേയം മൂലം അംഗീകരിച്ച ബജറ്റ് അലോക്കേഷന്റെ അടിസ്ഥാനത്തിൽ വേണം കരട് ബജറ്റ് തയ്യാറാക്കൽ. കരട് ബജറ്റ്, അനുബന്ധ രേഖകൾ സഹിതം മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ചയിൽത്തന്നെ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന പ്രത്യേക യോഗത്തിൽ സമർപ്പിച്ച് ചർച്ച ചെയ്യണം. ആവശ്യമായ ചർച്ചകൾക്ക് ശേഷം മാർച്ച് 31നു മുമ്പായി ബജറ്റ് പാസാക്കണം. ഓഡിറ്റിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിലെ 2022-23 വർഷത്തെ ബജറ്റ് പാസാക്കിയത് സംബന്ധിച്ച് സ.ഉ (ആർ.ടി) നം. 3291 /2016 /തസ്വഭവ തീയതി 02-12-16 പ്രകാരം ബജറ്റ് രൂപീകരണത്തിന്റെ വിശദവിവരങ്ങളടങ്ങിയ ധനമാനേജ്മെന്റ് മാന്വലിൽ നിർദ്ദേശിച്ചത് അനുസരിച്ചുള്ള ഏതൊക്കെ പ്രവർത്തനങ്ങൾ അനുവർത്തിച്ചാണ് ബജറ്റ് തയ്യാറാക്കിയത് എന്ന് പരിശോധിക്കുകയുണ്ടായി. മേൽ നിർദ്ദേശങ്ങൾ എല്ലാം പാലിച്ചാണോ ബജറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനട്സ് പരിശോധിച്ചതിൽ ബജറ്റ് സംബന്ധിച്ച് നടന്ന ചർച്ചകൾ സംബന്ധിച്ച പരാമർശങ്ങളൊന്നും പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനട്സിലും ഇത് സംബന്ധിച്ച പരാമർശങ്ങളില്ല.ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള സ്ഥാപനമേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചതായ രേഖകൾ ലഭ്യമല്ല. നിർവഹണോദ്യോഗസ്ഥരോടും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളോടും ബഡ്ജറ്റ് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള വിവരങ്ങൾ ആവശ്യപ്പെട്ടതിന്റെ വിവരങ്ങളും ലഭിച്ചിട്ടില്ല. ഘടകസ്ഥാപനമേധാവികളുടെ യോഗം വിളിച്ചതായി കാണുന്നില്ല.സെക്രട്ടറി ,വിവിധ ഓഫിസ് തലവൻമാർ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല. തയ്യാറാക്കി അംഗീകരിച്ച ബജറ്റ് പത്രികയിൽ താഴെപറയുന്ന 6 കോളങ്ങൾ ഉണ്ടാവണം.

1. കോളം-1- വരികളുടെ അക്ഷരമാലാ ക്രമം.

2. മേജർ ബജറ്റ് ഹെഡ്ഡുകളുടെ സംക്ഷിപ്തം.

3. ബജറ്റ് പത്രികകളുടെ കോഡുകൾ

4. മുൻ സാമ്പത്തികവർഷത്തെ യഥാർത്ഥ തുക

5. തൻ സാമ്പത്തിക വർഷത്തെ ബജറ്റ് (എല്ലാ ഭേദഗതികളും സഹിതം)

6. അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ്

ഈ വിധമാണോ ബജറ്റ് പത്രിക തയ്യാറാക്കിയത് എന്ന് വ്യക്തമല്ല. അംഗീകരിച്ച് പ്രിന്റ് ചെയ്ത ബജറ്റ് രേഖയിൽ മേൽ ചേർത്തവയിൽ മേജർ ബജറ്റ് ഹെഡ്ഡുകളുടെ സംക്ഷിപ്തം ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് ചെലവിന്റെ അടിസ്ഥാനത്തിലും, വികസനരേഖ, സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ കമ്മറ്റി പരിശോധനയുടെയും, ചർച്ചകളുടെയും അടിസ്ഥാനത്തിലും സ.ഉ (ആർ.ടി) നം. 3291 /2016 /തസ്വഭവ തീയതി 02-12-16 പ്രകാരം ബജറ്റ് രൂപീകരണത്തിന്റെ വിശദവിവരങ്ങളടങ്ങിയ ധനമാനേജ്മെന്റ് മാന്വലിലെ നടപടിക്രമങ്ങൾ അനുവർത്തിച്ച് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 4,15,24,818 |
| തൻ വർഷ വരവ് | 15,38,89,143 |

| | |
|---|---|
| ആകെ | 19,54,13,961 |
| തൻ വർഷ ചെലവ് | 16,31,93,939 |
| നീക്കിബാക്കി | 3,22,20,022 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സ്ഡ് തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 47771000 | 47771000 | 41837845 | 5933155 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 14683000 | 14683000 | 11607649 | 3075351 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 31653000 | 31653000 | 26056985 | 5596015 |
| മെയിന്റനൻസ് ഫണ്ട്നോൺ-റോഡ് (ACR പ്രകാരം) | | 12202000 | 12202000 | 12200950 | 1050 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic (ACR പ്രകാരം) | | 7343832 | 7343832 | 4053712 | 3290120 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (ACR പ്രകാരം) | | 13270461 | 13270461 | 6054403 | 7216058 |
| ജനറൽ പർപ്പസ് ഫണ്ട് | 1002000 | 6312000 | 7314000 | 5525175 | 1788825(*) |

(*) 31.03.2023 ന് സർക്കാർ പ്രത്യേക ഉത്തരവിലൂടെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് റെസ്യൂം ചെയ്ത ടി തുക 03.04.2023 ന് ട്രഷറി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

(1) ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied, Untied എന്നിവയിലെ ACR പ്രകാരമുള്ള വരവ്, ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
(2) സംരക്ഷണ ഗ്രാന്റ് (റോഡിതരം) ൽ ACR പ്രകാരമുള്ള ചെലവ് (RP-7) ACR -യുമായി പൊരുത്തപ്പെടുന്നില്ല.
(3) ജനൽ പർപ്പസ് ഗ്രാന്റ് 2021-22 വർഷം നീക്കിബാക്കി 49,87,489/- രൂപയാണ്. എന്നാൽ Trial Balance പ്രകാരം LGTSB A/c 843 ലെ മുൻബാക്കി 1002000/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-5 അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിത് (എണ്ണം) | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2022-23 | 159 | 98 | 21 | 49 | 61.6 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 31 | 16 | 189381847 | 53884415 | 28.45 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 12 | 9 | 12142048 | 5115184 | 42.12 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 80 | 58 | 60018091 | 31350939 | 52.23 |
| 4 | മെഡിക്കൽ ഓഫീസർ തരിയോട് | 4 | 4 | 3790000 | 2955856 | 77.99 |
| 5 | മെഡിക്കൽ ഓഫീസർ മേപ്പാടി | 5 | 5 | 2635000 | 2394281 | 90.86 |
| 6 | സൂപ്രണ്ട് താലൂക്ക് ആശുപത്രി വൈത്തിരി | 9 | 9 | 8406187 | 7599319 | 90.40 |
| 7 | സി.ഡി.പി.ഒ | 4 | 4 | 6427120 | 6404881 | 99.65 |
| 8 | കൃഷി അസി. ഡയറക്ടർ | 4 | 4 | 14312836 | 6884909 | 48.1 |
| 9 | പട്ടിക ജാതി വികസന ഓഫീസർ | 3 | 3 | 3150000 | 2475000 | 78.57 |
| 10 | വ്യവസായ വികസന ഓഫീസർ | 4 | 4 | 5100000 | 4400000 | 86.27 |

| | | | | | | |
|---|---|---|---|---|---|---|
| 11 | സീനിയർ വെറ്റിനറി സർജ്ജൻ | 1 | 1 | 1200000 | 200000 | 16.66 |
| 12 | ഡി ഇ ഒ | 2 | 2 | 2050000 | 2050000 | 100 |
| | ആകെ | 159 | 119 | 309813129 | 125714784 | 40.57 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നടത്തിയിട്ടുണ്ട്. റജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ കൂടുതൽ കാര്യക്ഷമത പുലർത്തേണ്ടതാണ്. കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് . പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ 02.09.22 ലെ എ.1542/2019 നമ്പർ ഉത്തരവ് പ്രകാരം വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മറ്റ് രജിസ്റ്ററുകളിൽ ഡെപ്പോസിറ്റ് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ പൂർണ്ണമായും തീർപ്പാക്കുന്ന കാര്യത്തിൽ ബ്ലോക്ക്പഞ്ചായത്ത് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂആസ്തികൾ പൂർണ്ണമായും കണ്ടെത്തി സംരക്ഷിക്കാനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്. പദ്ധതിനടത്തിപ്പിൽ ഓരോ മേഖലയിലും കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടതാണ്.

ഓഡിറ്റിന്നാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിലും ഓഡിറ്റ് അന്വേഷണകുറിപ്പുകൾക്ക് മറുപടി ലഭ്യമാക്കുന്നതിലും ബ്ലോക്ക് പഞ്ചായത്തിലെ ബന്ധപ്പെട്ട ജീവനക്കാർ പൂർണ്ണമായും സഹകരിച്ചിട്ടുണ്ട്. നിർവ്വഹ ഉദ്യോഗസ്ഥരും സമയബന്ധിതമായി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു, ഓഫീസ് പ്രവർത്തനങ്ങളും, പദ്ധതി നടത്തിപ്പും കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.12.18 | 2015-16,2016-17,2017-18,2018-19 | 19.08.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.04.19 | ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നടത്തിയിട്ടുണ്ട്. റജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ കൂടുതൽ കാര്യക്ഷമത പുലർത്തേണ്ടതാണ്. കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് . പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ 02.09.22 ലെ എ.1542/2019 നമ്പർ ഉത്തരവ് പ്രകാരം വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം | 25.05.20 |

വിലയിരുത്തുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മറ്റ് രജിസ്റ്ററുകളിൽ ഡെപ്പോസിറ്റ് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ പൂർണ്ണമായും തീർപ്പാക്കുന്ന കാര്യത്തിൽ ബ്ലോക്ക്പഞ്ചായത്ത് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂആസ്തികൾ പൂർണ്ണമായും കണ്ടെത്തി സംരക്ഷിക്കാനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്. പദ്ധതിനടത്തിപ്പിൽ ഓരോ മേഖലയിലും കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടതാണ്.

ഓഡിറ്റിന്നാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിലും ഓഡിറ്റ് അന്വേഷണകുറിപ്പുകൾക്ക് മറുപടി ലഭ്യമാക്കുന്നതിലും ബ്ലോക്ക് പഞ്ചായത്തിലെ ബന്ധപ്പെട്ട ജീവനക്കാർ പൂർണ്ണമായും സഹകരിച്ചിട്ടുണ്ട്. നിർവ്വഹ ഉദ്യോഗസ്ഥരും സമയബന്ധിതമായി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു, ഓഫീസ് പ്രവർത്തനങ്ങളും, പദ്ധതി നടത്തിപ്പും കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17,2017-18

## 1-9 സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്,

ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 2022-23 വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടന്ന യോഗങ്ങളുടെ വിവരം ചുവടെകൊടുക്കുന്നു.

| സ്റ്റാന്റിംഗ് കമ്മറ്റി | നടന്ന യോഗങ്ങളുടെ എണ്ണം |
|---|---|
| അരോഗ്യ വിദ്യാഭ്യാസം | 15 |
| ക്ഷേമകാര്യം | 20 |
| വികസനം | 13 |
| ധനകാര്യം | 25 |
| വർക്കിംഗ് ഗ്രൂപ്പ് | |
| വിദ്യാഭ്യാസം, കല, സംസ്കാരം | 3 |
| കൃഷിയും അനുബന്ധമേഖലകളും | 4 |
| ദാരിദ്ര്യലഘൂകരണം | 4 |
| ജെൻഡർ വികസനവും കുട്ടികളുടെ വികസനവും | 4 |
| ആരോഗ്യം | 3 |
| പ്രാദേശിക സാമ്പത്തിക വികസനം | 4 |
| സാമൂഹ്യനീതി | 4 |
| പൊതുമരാമത്ത് | 5 |
| പൊതുഭരണവും ധനകാര്യവും | 4 |
| കുടിവെള്ളം ശുചിത്വം | 3 |
| ജൈവ വൈവിദ്യ മാനേജ്മെന്റ് കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം | 4 |
| മൃഗസംരക്ഷണം, ക്ഷീരവികസനം | 4 |
| പട്ടിക ജാതിവികസനം | മിനുട്സ് ലഭ്യമാക്കിയില്ല |
| പട്ടിത വർഗ്ഗ വികസനം | മിനുട്സ് ലഭ്യമാക്കിയില്ല |

ആസൂത്രണപ്രക്രിയയിൽ പങ്ക് വഹിക്കുന്ന ഘടകങ്ങളിൽ സുപ്രധാനമായ സ്ഥാനമാണ് വർക്കിംഗ് ഗ്രൂപ്പുകൾക്കും

സ്റ്റാന്റിംഗ് കമ്മറ്റികൾക്കും വഹിക്കാനുള്ളത്. അംഗീകരിച്ച പദ്ധതികളിൽ ജില്ലാ ആസൂത്രണസമിതി നിർദ്ദേശിച്ച ന്യൂനതകൾ പരിഹരിക്കുക, ഓരോ മേഖലയിലുമുള്ള പ്രൊജക്ടുകൾ സമയബന്ധിതമായും ഫലപ്രദമായും പൂർത്തിയാക്കുന്നതിന് മേൽ നോട്ടം വഹിക്കുക, പ്രൊജക്ടുകളുടെ പ്രവർത്തനകലണ്ടർ തയ്യാറാക്കുക, മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുക, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള, ഗ്രാമസഭകൾ വിളിച്ചുചേർക്കുക. പദ്ധതി നടത്തിപ്പിലെ ഓരോ ഘട്ടവും വിലയിരുത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുക തുടങ്ങിയ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കാനുണ്ട്. അതെപ്പോലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാവട്ടെ പദ്ധതി രൂപീകരണത്തിന് പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് ആസൂത്രണ പ്രക്രയയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക. വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുക. ക്രോഡീകരിക്കുക, അപഗ്രഥിക്കുക, വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി അവസ്ഥാരേഖ പരിഷ്കരിക്കുക, ഗ്രാമസഭാ, വാർഡ്സഭ, ഊരുകൂട്ടം എന്നിവയിലെ ചർച്ചകൾക്ക് നേതൃത്വം വഹിക്കുക. വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചതിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കുക.

മേൽ ചേർത്ത വിധം ആസൂത്രണപ്രക്രയയിലെ സ്റ്റാന്റിംഗ് കമ്മറ്റികളുടെയും, വർക്കിംഗ് ഗ്രൂപ്പുകളുടെയും 2022- 23 പദ്ധതി വർഷത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തുവാന് ആശ്രയിക്കാവുന്ന ബന്ധപ്പെട്ട വിഭാഗങ്ങളുടെ മിനുട്സുകൾ പരിശോധിച്ചതിൽ ഔപചാരികമായ യോഗ നടപടി വിവരങ്ങൾ ചേർത്തുവന്നിട്ടുണ്ട് എന്നതിലുപരി സ്റ്റാൻറിംഗ് കമ്മറ്റി, വർക്കിംഗ് ഗ്രൂപ്പുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തികരിക്കുന്ന വിധത്തിലുള്ള യാതൊരു വിവരവും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായ ചർച്ചകളോ, സംവാദങ്ങളോ, തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ മിനുട്സ് പരിശോധിച്ചതിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകളിലെ അംഗങ്ങളുടെ പങ്കാളിത്തം വളരെ കുറവായാണ് പൂർണ്ണ അംഗങ്ങൾ പങ്കെടുത്ത ഒരു വർക്കിംഗ് ഗ്രൂപ്പ് യോഗം പോലും ചേർന്നതായി മിനുട്സിലെ രേഖപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കാണുവാൻ സാധിച്ചില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | ആകെ അംഗങ്ങൾ | യോഗം ചേർന്ന തീയതി | പങ്കെടുത്ത അംഗങ്ങൾ |
|---|---|---|---|
| വിദ്യാഭ്യാസം,കല, സംസ്കാരം | 14 | 24-5-2022 | 7 |
| | | 8-1-2023 | 6 |
| | | 17-3-2023 | 7 |
| കൃഷിയും അനുബന്ധമേഖലയും | 22 | 24-5-2022 | 4 |
| | | 28-6-2022 | 6 |
| | | 9-1-2023 | 7 |
| | | 17-3-2023 | 7 |
| ദാരിദ്ര ലഘൂകരണം | 15 | 15-01-2022 | 7 |
| | | 24-05-2022 | 8 |
| | | 9-01-2023 | 3 |
| | | 17-03-2023 | 5 |
| ജെൻഡർ വികസനവും കുട്ടികളുടെ വികസനവും | 16 | 28-06-2022 | 10 |
| | | 9-01-2023 | 6 |
| | | 17-03-2023 | 7 |
| ആരോഗ്യം | 16 | 24-5-2022 | 7 |
| | | 28-6-2022 | 11 |
| | | 9-01-2023 | 5 |
| | | 17-03-2023 | 5 |
| സാമൂഹ്യനീതി | 15 | 28-6-2022 | 6 |
| | | 9-01-2023 | 7 |
| | | 17-03-2023 | 6 |
| പൊതുമരാമത്ത് | 16 | 15-01-2022 | 6 |
| | | 24-05-2022 | 5 |
| | | 28-06-2022 | 7 |

| | | | |
|---|---|---|---|
| | | 09-01-2023 | 6 |
| | | 17-03-2023 | 7 |
| പൊതുഭരണവും ധനകാര്യവും | 17 | 24-05-2022 | 3 |
| | | 28-06-2022 | 10 |
| | | 09-01-2023 | 6 |
| | | 17-03-2023 | 6 |
| കടിവെള്ളം ശുചിത്വം | 21 | 15-01-2022 | 9 |
| | | 28-06-2022 | 8 |
| | | 09-01-2023 | 8 |

പരിശോധനക്ക് ലഭ്യമാക്കിയ മേൽ പ്രസ്താവിച്ച വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ നിന്നതന്നെ എത്ര പ്രാധാന്യമാണ് ഇവയ്ക്ക് ലഭിച്ചിട്ടുള്ളത് എന്നത് വ്യക്തമാണ്. പൂർണ്ണ അംഗങ്ങൾ ആരും തന്നെ ഒരു യോഗത്തിലും പങ്കെടുത്തിട്ടില്ല. പങ്കെടുത്തതിൽ തന്നെ ഏതെങ്കിലും ചർച്ചകളോ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടുമില്ല. ഔപചാരികമായ യോഗനടപടി വിവരങ്ങൾ മാത്രമാണ് മിനട്സിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. തീയതി പോലും രേഖപ്പെടുത്താതെ യോഗനടപടികൾ വരെ മിനട്സിൽ ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലും. നിർവ്വഹണത്തിലും വിവിധ തലങ്ങളിൽ വിവിധ കമ്മറ്റികൾ വഹിച്ച പങ്ക് കൃത്യമായി ബന്ധപ്പെട്ട മിനട്സിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. കഴിവതും പൂർണ്ണ അംഗങ്ങളെ പങ്കെടുപ്പിച്ച് കൊണ്ട് യോഗം ചേരേണ്ടതാണ്. അജണ്ട കൃത്യമായി തയ്യാറാക്കേണ്ടതാണ്, ഓരോ അംഗത്തിന്റെയും അഭിപ്രായം, പൊതു ചർച്ചകൾ, തീരുമാനം എന്നിവ മിനട്സിൽ രേഖപ്പെടുത്തേണ്ടതാണ്. മിനട്സ് വൃത്തിയായും, ചിട്ടയോടെയും തയ്യാറാക്കാനം ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി ആസൂത്രണത്തിലും. നിർവ്വഹണത്തിലും. മോണിറ്ററിംഗിലും സ്റ്റാന്റിംഗ് കമ്മറ്റിയും, വർക്കിംഗ് ഗ്രൂപ്പും ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

## 1-10 താലൂക്ക് ആശുപത്രി- ഒ.ഡി.പി ട്രാൻസ്ഫോർമേഷൻ പ്രവർത്തി - പൂർത്തീകരണ സാക്ഷ്യപത്രം / ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, വൈത്തിരി താലൂക്ക് ആശുപത്രി

പദ്ധതി- വൈത്തിരി താലൂക്ക് ആശുപത്രി- ഒ.ഡി.പി ട്രാൻസ്ഫോർമേഷന് (84/23)

അടങ്കൽ - 14,00,000/- ( മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് - 14,00,000/- ( മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ബിൽ നമ്പർ - BRN No. 221801630003400946907/22.12.2022

വൈത്തിരി താലൂക്ക് ആശുപത്രിയിൽ ഒ.ഡി.പി ട്രാൻസ്ഫോർമേഷൻ പ്രവർത്തി ചെയ്യുന്നതിന് WAPCOS Ltd ന്റെ ഒരു കോടി ഇരുപത്തി ആറ് ലക്ഷം ( 1,26,87,497/- ) രൂപയുടെ ഡി.പി.ആർ ആരോഗ്യ കേരളം സംസ്ഥാന മിഷൻ ഡയറക്ടർ അംഗീരിച്ചിട്ടുണ്ട്. 13.10.2021 ൽ താലൂക്ക് ആശുപത്രിയിൽ ചേർന്ന യോഗത്തിൽ അധികമായി ആവശ്യമുള്ള 14 ലക്ഷം രൂപ കല്പ്പറ്റ ബ്ലോക്ക് പഞ്ചായത്ത് നൽകുമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെ 24.11.2021 ലെ (1)/4-ാം നമ്പർ തീരുമാന പ്രകാരം 2022- 23 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകുന്നതിന് തീരുമാനിച്ചു. സംസ്ഥാന ആരോഗ്യ കേരളം മിഷൻ ഡയറക്ടറുടെ 22.10.2021 ലെ WAP/KERALA /2021/1021/818 -ാം നമ്പർ പ്രകാരം പദ്ധതി തുക 1,40,87,497/- ആയി ഉയർത്തിയിട്ടുണ്ട്. 2022- 23 ൽ 84/23 -ാം നമ്പറായി ഉൾപ്പെടുത്തിയ ടി പദ്ധതിക്ക് 31/08/2022ലെ ഇ1/3444/2021 -ാം നമ്പർ കത്ത് മുഖേന 14 ലക്ഷം രൂപയും കൂടി ഉൾപ്പെടുത്തി 1,40,87,497/- രൂപയുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ കേരളം വയനാട് ജില്ലാ പ്രോഗ്രാം മാനേജരോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നിലവിൽ പ്രവർത്തി നടന്നു കൊണ്ടിരിക്കുന്നതിനാലും റിവൈസ്ഡ് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാലും അധികമായി അനുവദിച്ച കിട്ടിയ പ്രവർത്തികൾ സ്ഥാപനതലത്തിലോ അതാത് Lsgd വിഭാഗം മുഖേനയോ ഏറ്റെടുത്ത് നടത്തുകയോ അല്ലെങ്കിൽ അധിക പ്രവർത്തി എൻ എച്ച് എം ജില്ലാ തലത്തിൽ പൂർത്തീകരിക്കുന്നതിന് തുക ജില്ലാ പ്രോഗ്രാം മാനേജർക്ക് കൈമാറുകയോ ചെയ്യാമെന്ന് അറിയിച്ചു.ഭരണസമിതിയുടെ 28.10.2022ലെ 11/1 -ാം നമ്പർ തീരുമാന പ്രകാരം അനുവദിക്കപ്പെട്ട 14 ലക്ഷം രൂപ സ്റ്റേറ്റ് ഹെൽത്ത് & ഫാമിലി വെൽഫയർ സൊസൈറ്റി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്( അക്കൗണ്ട് നം. 626201088291 , ICICI Bank).

അനുവദിക്കപ്പെട്ട ഡി.പി.ആറിൽ പെടാത്തതായ 14 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്/ നിർമ്മാണ പ്രവർത്തികളുടെ വിശദാംശങ്ങളും , പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/2022 – 23 / 14.07.2023) മറുപടി

ലഭ്യമാക്കിയിട്ടില്ല.പൂർത്തീകരണ വിവരവും,വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്. 14,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-11 തരിയോട് സി.എച്ച്.സി യിൽ ഉപകരണങ്ങൾ വാങ്ങാൻ-തുക കൈമാറിയിട്ടും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല 591557/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ,തരിയോട് സി.എച്ച്.സി 2022-23ൽ സി.എച്ച്.സി-യിലേക്ക് ഉപകരണങ്ങൾ വാങ്ങാൻ K.M.S.C.L-ൽ ₹591557/- അടവാക്കിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 176/23 |
| പ്രൊജക്ട് | തരിയോട് സി.എച്ച്.സി-യിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ,ഉപകരണങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ |
| അടങ്കൽ | ₹1300000 |
| ഫണ്ട് | ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹ 591557<br>PFMS Id C032377689465 Dtd 28/3/23 -₹ 1,11,128<br>PFMS Id C032369631215 Dtd 25/3/23 - ₹ 4,80,429 |

എന്നാൽ മേൽ പദ്ധതി പ്രകാരം ചെലവഴിച്ച രൂപയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമായിട്ടില്ല .ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഉപകരണങ്ങളുടെ വിലയായ 591557/-രൂപ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-12 പാലിന് സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയില്ല

വിഷയം - പ്രോജക്ട് നം.91 /23 – തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത ലിസ്റ്റ് സംബന്ധിച്ച്

നിർവഹണ ഉദ്യോഗസ്ഥൻ – ഡയറി എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ- 20,00,000/- (പൊതു വിഭാഗം )

ചെലവ് - 20,00,000/- (പൊതു വിഭാഗം )

14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 6.3.9 പ്രകാരം ക്ഷീരകർഷകർക്ക് ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് 3 രൂപ തോതിൽ കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന ക്ഷീര കർഷകർക്ക് 2022-23 വർഷം അളന്ന പാലിന് ഒരോ ലിറ്ററിനും പരമാവധി മൂന്ന് രൂപാ വീതം സബ്സിഡി നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷീര സംഘങ്ങളിൽ പെട്ട ക്ഷീര കർഷകർക്ക് ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ കൊടുക്കുന്ന ബിൽ പ്രകാരം തുക മാറി നൽകിയിരിക്കുന്നത് ക്ഷീരസംഘത്തിന്റെ അക്കൗണ്ടിലേക്കാണ്.

| ക്രമ നം | അലോട്ട്മെന്റ് നമ്പർ & തീയതി | അക്കൗണ്ട് നമ്പർ | ക്ഷീര സംഘത്തിന്റെ പേര് | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 528, 28-03-2023 | 170112002000056 | കുന്നമ്പറ്റ ക്ഷീരോൽപാദക സഹകരണ സംഘം | 42315 |
| 2 | 524, 28-03-2023 | 212001011000247 | തെനേരി ക്ഷീരോൽപാദക സഹകരണ സംഘം | 28400 |

ലഭ്യമാക്കിയ UTR സ്റ്റേറ്റ്മെന്റ് പ്രകാരം ക്രമ നമ്പർ 2 പ്രകാരം ട്രാൻസ്ഫർ ചെയ്ത തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

മേൽ പരാമർശ പ്രകാരം ട്രാൻസ്ഫർ ചെയ്ത തുക ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ക്ഷീര സംഘത്തിന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതിന് വിശദീകരണവും , തെനേരി ക്ഷീരോൽപാദക സഹകരണ സംഘത്തിന് തുക ലഭ്യമായതിന്റെയും , തുക ക്ഷീര കർഷകർക്ക് ലഭ്യമായതിന്റെ വിശദാംശങ്ങൾ പാസ്സ് ബുക്കിന്റെ പകർപ്പ് സഹിതം ഹാജരാക്കാനാവശ്യപ്പെട്ടതിന് ക്രമ നമ്പർ (1) ലെ വിതരണവിവരം ഹാജരാക്കിയിട്ടുണ്ട്. ക്രമ നം (2) ലെ ക്ഷീരോദ്പാദക സഹകരണ സംഘത്തിന്റെ അക്കൗണ്ട് നമ്പറുള്ള വിജയാ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ ആയി മാറിയതിനാൽ IFSC കോഡ് മാറിയതിനാൽ തുക ക്രെഡിറ്റാവാതെ സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവായെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നഷ്ടപ്പെടുന്ന സഹചര്യമാണുള്ളത്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-13 ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 49/22-23, ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ചൈൽഡ് ഡെവലെപ്മെന്റ് പ്രോജക്റ്റ് ഓഫീസർ |
| ഫണ്ട് | വികസനഫണ്ട് ജനറൽ |
| അടങ്കൽ | 3927320/- രൂപ |
| ചെലവ് | 3927320/- രൂപ |
| ബിൽ (BRN) നം. | ₹713000, 22180252017701031784 Dtd 11/1/2023<br>₹497950 ,22180252017701171296 Dtd 10/02/2023<br>₹25650, 22180252020201348857 Dtd 14/3/23<br>₹ 52890 ,22180252020201154544 Dtd 7/02/2023<br>₹325620, 2180252020200982933 Dtd 31/12/2022<br>₹25200, 22180152019600988911 Dtd 03/01/2023<br>₹204840, 22180152019601055190 Dtd 17/01/2023<br>₹73470,22180152019601192592 Dtd 15/02/2023<br>₹474630 2218052019200985326 Dtd 3/1/2023<br>₹34170 , 22180152019201146143 Dtd 6/02/2023<br>₹660000, 22180252020901234505 Dtd 23/2/2023<br>₹56400 ,22180252022201002014 Dtd 5/1/2023<br>₹76500, 22180252018801206106 Dtd 17/2/2023<br>₹8000, 22180252018801206116 Dtd 17/2/2023<br>₹300000, 22180252019600980739 Dtd 30/12/2022<br>₹399000, 22180252016801003053 Dtd 06/01/2023 |

പഞ്ചായത്തുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പ്രോജക്റ്റിന് ബ്ലോക്ക് വിഹിതം കൈമാറുന്നതിനുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി പടിഞ്ഞാറത്തറ, കോട്ടത്തറ, വെങ്ങപ്പള്ളി,മുട്ടിൽ,വൈത്തിരി,മേപ്പാടി,തരിയോട്,പൊഴുതന,മുപ്പൈനാട് എന്നീ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിനിയോഗസാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/12.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവഴിച്ച 39,27,320/- രൂപ തടസ്സത്തിൽ വെക്കുന്നു

## 1-14 നടപ്പാതകളുടെ നിർമ്മാണം - പദ്ധതി മാർഗ്ഗരേഖ ലംഘനം- ₹ 16,39,722.00 തടസ്സപ്പെടുത്തുന്നു.

പനമരം ബ്ലോക്ക് പഞ്ചായത്തിൽ അസി. എഞ്ചിനീയർ/അസി. എക്സി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2022-2023 സാമ്പത്തിക വർഷം താഴെ പറയുന്ന നടപ്പാത കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

| ക്രമനം | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|
| 1 | S0164/23 | കുന്നമാംഗലം വയൽ മസ്ജിദ് ലിങ്ക് റോഡ് കോൺക്രീറ്റ്, പുൽപ്പള്ളി ഗ്രാ.പ. | 5,00,000.00 (വികസനഫണ്ട്-ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 3,76,951.00<br>(വൗച്ചർ നം. XVFC/2022-23 /P/24/29.11.2022) |
| 2 | S0111/23 | വേടൻ കോളനി എസ്.സി റോഡ് കോൺക്രീറ്റ്, മൂപ്പൈനാട് ഗ്രാ.പ. | 5,00,000.00 (വികസനഫണ്ട്-എസ്.സി.പി) | 3,80,307.00<br>(ബിൽ നം. 40/2022-23 /30.03.2023) |
| 3 | S0113/23 | കാപ്പംകുന്ന് എസ്.സി കോളനി റോഡ് കോൺക്രീറ്റ്, വൈത്തിരി ഗ്രാ.പ | 5,00,000.00 (വികസനഫണ്ട്-എസ്.സി.പി) | 4,58,338.00<br>(ബിൽ നം. 26/2022-23 /15.03.2023) |
| 4 | S0107/23 | എസ്.സി കാലിക്കുനി ഞാവലൂർ റോഡ് കോൺക്രീറ്റ്, തരിയോട് ഗ്രാ.പ | 4,24,126.00 (വികസനഫണ്ട്-എസ്.സി.പി) | 4,24,126.00<br>(ബിൽ നം. 12/2022-23 /08.02.2023) |
| ആകെ | | | | 16,39,722.00 |

മേൽ പദ്ധതികളിൽ ക്രമ നം. 1, അസി. എക്സി. എഞ്ചിനീയർ ആണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. മറ്റുള്ളവ, അസി. എഞ്ചിനീയർ ആണ് നിർവ്വഹണം നടത്തിയിരിക്കുന്നത്.

പദ്ധതി മാർഗ്ഗരേഖ(നം.84/2022/തസ്വഭവ/19.04.2022), ഖണ്ഡിക 8.14(1) പ്രകാരം ഗ്രാമ പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാൻ പാടുള്ളൂ. മുകളിലെ പട്ടികയിൽ കൊടുത്തിരിക്കുന്ന നടപ്പാതകൾ 3 മീറ്റർ വീതി മാത്രമേ ഉള്ളൂ. ഖണ്ഡിക 8.14(12) പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്, പട്ടിക വർഗ്ഗ ഉപപദ്ധതി പ്രകാരമേ നടപ്പാലം/നടപ്പാത ഏറ്റെടുക്കാൻ പാടുള്ളൂ. മുകളിലെ പട്ടികയിൽ കൊടുത്തിരിക്കുന്ന നടപ്പാതകൾ എല്ലാം തന്നെ , ധനകാര്യ കമ്മീഷൻ ഗ്രാന്റ്, എസ്.സി.പി എന്നീ ഫണ്ടുകൾ ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/22-23/14.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.ചെലവ് തുക ₹ 16,39,722.00 തടസ്സപ്പെടുത്തുന്നു.

## 1-15 അരമംഗലം അംഗൺവാടിക്ക് മുകളിൽ പകൽ വീട് നിർമ്മാണം - നിലവിലും ഉപയോഗ ക്ഷമമല്ല -₹ 4,78,457.00 തടസ്സപ്പെടുത്തുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0035/23 | അരമംഗലം അംഗൺവാടിക്ക് മുകളിൽ പകൽ വീട് നിർമ്മാണം | 5,03,515.00 (വികസനഫണ്ട്-സാധാരണം) | 4,78,457.00<br>(ബിൽ നം. 04/2022-23 /20.07.22) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം പകൽവീട് നിർമ്മിച്ചിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തല്ല. ഗ്രാമപഞ്ചായത്ത് പകൽവീട് നിർമ്മിച്ചുനൽകുന്നതിന് ആവശ്യപ്പെട്ടതായി കാണുന്നില്ല.

കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല. മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ അരമംഗലംചാൽ അങ്കണവാടി കെട്ടിടത്തിന്റെ മുകളിലാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. വയോജനങ്ങൾക്ക് ഉപയോഗ യോഗ്യമായ വിധത്തിലല്ല കെട്ടിടം നിർമ്മിച്ചിരിക്കുന്നത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/22-23/14.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.ചെലവ് തുക ₹ 4,78,457.00 തടസ്സപ്പെടുത്തുന്നു.

## 1-16 മാങ്കുനി ട്രൈബൽ ഹോസ്റ്റൽ കമ്പനിക്കുന്ന് റോഡ് വാർഡ് 12 തരിയോട് ഗ്രാ.പ – ടെണ്ടർ നടപടിക്രമങ്ങൾ ലംഘിച്ചു -പ്രോജക്ട് ഇല്ലാതെ പദ്ധതി നടപ്പാക്കി

തരിയോട് ഗ്രാമ പഞ്ചായത്തിലെ (വാർഡ് 12), മാങ്കുനി ട്രൈബൽ ഹോസ്റ്റൽ കമ്പനിക്കുന്ന് റോഡ് ടാറിംഗ് നടത്തുന്നതിന് വേണ്ടി താഴെ പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0099/23 | മാങ്കുനി ട്രൈബൽ ഹോസ്റ്റൽ കമ്പനിക്കുന്ന് റോഡ് ടാറിംഗ് വാർഡ് 12 തരിയോട് ഗ്രാ.പ | 5,00,000.00 (വികസനഫണ്ട്-പൊതു വിഭാഗം) | 4,88,601.00 (ബിൽ നം. 4,88,601.00/30 /03/2023) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എസ്റ്റിമേറ്റ് നമ്പർ | | 80801/2022, 5,00,000.00 | |
| കരാർ നമ്പർ | | AEE/LID&LW/KPTA/45/22-23/21.02.2023 | |
| കരാറുകാരന്റെ പേര് | | കെ.രഞ്ജിത്ത്, കാവുമന്ദം | |

മേൽ പ്രോജക്ട് റിപ്പോർട്ട് പ്രകാരം, റോഡ് റീടാറിംഗ് നടത്തി ഗതാഗത സൗകര്യമൊരുക്കൽ എന്നതാണ് ലക്ഷ്യം വെക്കുന്നത്. പ്രോജക്ട് റിപ്പോർട്ട് പേജ് നം.5 പ്രകാരം, സൃഷ്ടിക്കപ്പെടുന്ന ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്നത് 6 മീറ്റർ വീതിയിൽ 0.2 കി.മീ നീളത്തിലുള്ള ടാർ റോഡാണ്. പ്രസ്തുത പ്രവൃത്തി 11/11/2022-ന് ഇ-ടെണ്ടർ ചെയ്യുകയും കോട്ടത്തറ ലേബർ കോൺട്രാക്ട് സൊസൈറ്റി 3,81,140.28 രൂപക്ക് ടെണ്ടർ സമർപ്പിക്കുകയുമുണ്ടായി.എന്നാൽ, അതിനു ശേഷം, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27/12/2022-ലെ 01/02-ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കേണ്ടതില്ലെന്നും റീ-ഇ ടെണ്ടർ ചെയ്യുന്നതിനും അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, അസി.എഞ്ചിനീയർ കൾവർട്ട് നിർമ്മിക്കുന്നതിന്റെ എസ്ററിമേറ്റ് (നം.110356/2022) ആണ് 16/01/2023-ന് റീ-ഇ ടെണ്ടർ ചെയ്തിരിക്കുന്നത്. ആദ്യത്തെ റോഡിന്റെ എസ്ററിമേറ്റിന്റെ (നം.80801/2022) PAC 4,23,019.2 ഉം കൾവർട്ടിന്റെ എസ്ററിമേറ്റിന്റെ(നം. 110356/2022) PAC 4,23,125.96 -ഉം ആണ്. റീ-ഇ ടെണ്ടറിൽ രഞ്ജിത്ത്.കെ എന്ന കരാറുകാരന്റെ ₹ 4,21,031.3 എന്ന റേറ്റ് അംഗീകരിക്കുകയും പ്രവൃത്തി പൂർത്തിയാക്കി തുക നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് വിഭാവനം ചെയ്ത പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ വിളിക്കുകയും പ്രസ്തുത പ്രോജക്ടുകളിൽ ഉൾപ്പെടാത്ത പ്രവൃത്തിയ്ക്ക് റീ ഇ-ടെണ്ടർ വിളിക്കുകയും ചെയ്ത നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

കോട്ടത്തറ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ ടെണ്ടർ(₹ 3,81,140.28 ) സ്വീകരിക്കാതെ റീ-ഇ ടെണ്ടർ ചെയ്ത് രഞ്ജിത്ത്.കെ എന്ന കരാറുകാരന്റെ ഉയർന്ന തുകക്കുള്ള(₹ 4,21,031.3) ടെണ്ടർ നൽകിയത് കാരണം ബ്ലോക്ക് പഞ്ചായത്തിന് ₹ 38,855.00 നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| കോട്ടത്തറ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകേണ്ടിയിരുന്ന തുക – 381140.28<br>Add GST 18% - 68605.25<br>ആകെ – 4,49,746.00 | Total Value Of Workdone – 414069.22<br>Add GST 18% - 74532<br>രഞ്ജിത്ത്.കെ എന്ന കരാറുകാര നൽകിയ തുക – 4,88,601.00 | അധികം നൽകിയ തുക =<br>488601-449746<br>= 38,855.00 |

റോഡ് നിർമ്മിക്കാനുള്ള പ്രോജക്ട് ആണ് ഡി.പി.സി. അംഗീകാരം നൽകിയിരിക്കുന്നത്. പ്രോജക്ട് ഇല്ലാതെ കൾവർട്ട് നിർമ്മിച്ചത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. പദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ)നമ.84/2022/തസ്വഭവ /19.04.2022) ഖണ്ഡിക 3.5.1(7) പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ വിശദമായ എസ്റ്റിമേറ്റ് കൂടി തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/22-23/13.07.2023) മറുപടി

ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹ 4,88,601/- തടസ്സപ്പെടുത്തുന്നു.

## 1-17 നെല്ലിക്കൽ കുന്ന് കുടിവെള്ള പദ്ധതി - ₹ 5,787.00 അധികം തുക നൽകി

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0029/23 | നെല്ലിക്കൽ കുന്ന് കുടിവെള്ള പദ്ധതി | 7,00,000.00 (വികസനഫണ്ട്-ടി.എസ്.പി) | 6,04,287.00 (ബിൽ നം. 1/2022-23 /21.05.22) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എസ്റ്റിമേറ്റ് നം./തുക | | 2021/80446, ₹ 7,00,000.00 | |
| കരാർ നമ്പർ | | AEE/LID&LW/KPTA/19/21-22/10.02.2022 | |
| കരാറുകാരന്റെ പേര് | | റഫീക്ക്.കെ.എം | |

മേൽ പദ്ധതിയിൽ, കുടിവെള്ള കണക്ഷൻ സ്ഥാപിച്ച് 5 HP മോട്ടോർ സ്ഥാപിക്കേണ്ടതുണ്ട്. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.02.2022-ലെ 1/5-ാം നമ്പർ തീരുമാന പ്രകാരം ലൈറ്റ് വേൾഡ് അസ്സോസ്സിയേറ്റ്സ്, പടിഞ്ഞാറത്തറയുടെ ക്വട്ടേഷൻ (₹ 71,332.00) അംഗീകരിച്ചിട്ടുണ്ട്. ലൈറ്റ് വേൾഡ് അസ്സോസ്സിയേറ്റ്സ്, പടിഞ്ഞാറത്തറയുടെ ₹ 71,332.00 ന്റെ (ലേബർ ചാർജ്ജ് ഉൾപ്പെടെ) ഇൻവോയിസും (നം.229/25.02.22) ഫയലിലുണ്ട്. എന്നാൽ, ഫൈനൽ ബിൽ പ്രകാരം ₹ 77,119.00 രൂപയാണ് കരാറുകാരന് നൽകിയിരിക്കുന്നത്. 5,787.00 രൂപ (77119-71332) കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/22-23/14.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികം നൽകിയ, ₹ 5,787.00 നഷ്ടം ഓഡിറ്റിൽ നിരാകരിക്കുന്നു(ഖണ്ഡിക 3-1കാണുക).

## 1-18 ഷീ ലോഡ്ജ്-ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല - ₹ 7,60,401.00 തടസ്സപ്പെടുത്തുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0157/23 | ഷീ ലോഡ്ജ് | 10,00,000.00 (വികസനഫണ്ട്-സാധാരണം) | 7,60,401.00 (ബിൽ നം. 48/2022-23/30.03.23) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എസ്റ്റിമേറ്റ് നം./തുക | | 3700/2023, ₹ 10,00,000.00 | |
| കരാർ നമ്പർ | | AEE/LID&LW/KPTA/53/22-23/10.03.2023 | |
| കരാറുകാരന്റെ പേര് | | ടി.സുരേഷ് ബാബു | |

മേൽ പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും 14/07/2023 ന് നടത്തിയ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിലും താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

പ്രോജക്ട് റിപ്പോർട്ട് പ്രകാരം വനിത ഘടകപദ്ധതിയായാണ് പദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നത്.എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ Noval Initiative ആണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കുറഞ്ഞ വാടകക്ക് സ്ത്രീകൾക്ക് ലോഡ്ജിംഗ് സൗകര്യം നൽകുക എന്നതാണ് പ്രോജക്ട് ലക്ഷ്യം വെക്കുന്നത്. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ പഴയ ഓഫീസ് കെട്ടിടം ഷീ ലോഡ്ജ് ആയി മാറ്റം വരുത്താനാണ് തീരുമാനിച്ചിരുന്നത്.അതിനു വേണ്ടി, മുൻ വർഷങ്ങളിൽ, ₹ 3,89,029.00 ചെലവഴിച്ചിട്ടുണ്ട്. ഈ വർഷത്തെ ചെലവുൾപ്പെടെ ആകെ ₹ 11,49,130.00 ചെലവഴിച്ചിട്ടുണ്ട്. നിലവിലെ എം ബുക്ക് പ്രകാരം പഴയ കെട്ടിടത്തിന്റെ പുതുക്കൽ (പെയിന്റിംഗ്, ACP Panelling For Front Elevation, Aluminium Work) ആണ് ചെയ്തിരിക്കുന്നത്.

ഷീ ലോഡ്ജ് 24/06/23 -ന് ഉദ്ഘാടനം ചെയ്തതായി കെട്ടിടത്തിൽ ബാനർ ഉണ്ട്. എന്നാൽ, ഷീ ലോഡ്ജ് ആയി പ്രവർത്തിക്കുന്നതിനു വേണ്ട ഫർണിച്ചർ, പാർട്ടീഷൻ, ടോയിലറ്റ്സ് എന്നിവയൊന്നും നിലവിൽ ഇല്ല. സ്ഥല പരിശോധനയിൽ, ICDS ഓഫീസ് താഴത്തെ നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ടു. മറ്റ് നിലകളിൽ, ഒഴിഞ്ഞു കിടക്കുകയാണ്.നിലവിൽ, ഷീ ലോഡ്ജ് ഉദ്ഘാടനം ചെയ്തെങ്കിലും ഷീ ലോഡ്ജ് ആയി പ്രവർത്തിക്കുന്നില്ല.




ഷീ ലോഡ്ജ് കെട്ടിടം (ബാനറിൽ ഷീ ലോഡ്ജ് ഉദ്ഘാടനം ചെയ്തു എന്നാണുള്ളത്. വനിത ശിശുവികസന വകുപ്പിന്റെ ബോർഡ് കാണാം)

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/22-23/14.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഷീ ലോഡ്ജ് ലക്ഷ്യം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്..ചെലവ് തുക ₹ 7,60,401.00 തടസ്സപ്പെടുത്തുന്നു.

## 1-19 സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിച്ചിട്ടില്ല- ₹ 81,690.00 അധികം നൽകി

താഴെ പറയുന്ന പദ്ധതികളിൽ സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറച്ചിട്ടില്ല. കുഴിച്ചെടുത്ത മണ്ണ് ഉപയോഗപ്രദമല്ല എന്ന് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദവിവരം താഴെകൊടുക്കുന്നു.

1. പുളിയമ്പറ്റ കോളനി സൈഡ് സംരക്ഷണം, മേപ്പാടി ഗ്രാമ പഞ്ചായത്ത്

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0031/22 | പുളിയമ്പറ്റ കോളനി സൈഡ് സംരക്ഷണം, മേപ്പാടി ഗ്രാമ പഞ്ചായത്ത് | 5,00,000.00 (വികസനഫണ്ട്-ടി.എസ്.പി) | 3,81,726.00(ബിൽ നം. 1/21.05.2022 ) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എക്സി. എഞ്ചിനീയർ | |
| എസ്റ്റിമേറ്റ് നമ്പർ/തുക | | 2021/185596/500000/- | |
| കരാർ നമ്പർ | | AEE/LID&LW/KPTA/50/21-22/05.03.2022 | |
| കരാറുകാരന്റെ പേര് | | ബിബിൻ എബ്രഹാം ചുണ്ടേൽ | |
| എം ബുക്ക് നമ്പർ | | 88/21-22(പേജ് നം.1 - 14) | |

എം ബുക്ക് പേജ് നമ്പർ 1 പ്രകാരം 29.99 ഘ.മീറ്റർ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.എം ബുക്ക് പേജ് നമ്പർ 7,8 പ്രകാരം 48.694(കൺസോളിഡേൻ കുറച്ചതിന് ശേഷം 39.17)ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന് (ഘ.മീ. ന് 315.650 രൂപ നിരക്കിൽ) തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിക്കാത്തതിനാൽ താഴെപ്പറയുന്ന തരത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | എം ബുക്ക് പ്രകാരം കരാറുകാരൻ കൊണ്ട് വന്ന് നിറച്ച മണ്ണിന്റെ അളവ് | 48.694 Meter Cube |

| | | |
|---|---|---|
| 2 | കൺസോളിഡേഷൻ കുറച്ചതിന് ശേഷം എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന മണ്ണിന്റെ അളവ് | 39.17 Meter Cube |
| 3 | എം ബുക്ക് പ്രകാരം സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് | 29.99 Meter Cube |
| 4 | യഥാർത്ഥത്തിൽ കരാറുകാരൻ കൊണ്ട് വന്ന് നിറക്കേണ്ടിയിരുന്ന മണ്ണിന്റെ അളവ് (39.17-29.99) | 9.18 Meter Cube |
| 5 | നൽകാവുന്ന തുക (9.18 X 315.65 ) | 2897.66 |
| 6 | നൽകിയ തുക(39.17 X 315.650 ) | 12364 |
| 7 | അധികം നൽകിയ തുക(6 - 5) | 9,466.00 |

2. മംഗലത്ത് കോളനി സൈഡ് സംരക്ഷണം, മുട്ടിൽ ഗ്രാമ പഞ്ചായത്ത്

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0036/23 | മംഗലത്ത് കോളനി സൈഡ് സംരക്ഷണം, മുട്ടിൽ ഗ്രാമ പഞ്ചായത്ത് | 2,55,307.00 (വികസനഫണ്ട്-ടി.എസ്.പി) | 2,45,267.00(ബിൽ നം. 45/30.03.2023 ) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എസ്റ്റിമേറ്റ് നമ്പർ/തുക | | 2021/185596/ ₹ 5,00,000.00 | |
| കരാർ നമ്പർ | | AEE/LID&LW/KPTA/31/21-22/19.02.2022 | |
| കരാറുകാരന്റെ പേര് | | സുനീഷ്.കെ.ഓ, മുട്ടിൽ | |
| എം ബുക്ക് നമ്പർ | | 81/21-22(പേജ് നം.1 - 34) | |

എം ബുക്ക് പേജ് നം.2 പ്രകാരം 28.82 ഘ.മീറ്റർ മണ്ണും എം ബുക്ക് പേജ് നം.18 പ്രകാരം 6.978 ഘ.മീറ്റർ മണ്ണും കഴിച്ചെടുത്തിട്ടുണ്ട്.എം ബുക്ക് പേജ് നം.23 പ്രകാരം 65.386 ഘന മീറ്റർ മണ്ണും എം ബുക്ക് പേജ് നം.9 പ്രകാരം 6 ഘന മീറ്റർ മണ്ണും കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന് (ഘ.മീ. ന് 466.37 രൂപ നിരക്കിൽ) തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിക്കാത്തതിനാൽ താഴെപ്പറയുന്ന തരത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | എം ബുക്ക് പ്രകാരം കരാറുകാരൻ കൊണ്ട് വന്ന് നിറച്ച മണ്ണിന്റെ അളവ് | 71.386 Meter Cube |
| 2 | 20 % കൺസോളിഡേഷൻ കുറച്ചതിന് ശേഷം കൊണ്ട് വന്ന് നിറച്ച മണ്ണിന്റെ അളവ് | 57.109 Meter Cube |
| 3 | എം ബുക്ക് പ്രകാരം സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് | 35.798 Meter Cube |
| 4 | യഥാർത്ഥത്തിൽ കരാറുകാരൻ കൊണ്ട് വന്ന് നിറക്കേണ്ടിയിരുന്ന മണ്ണിന്റെ അളവ് (57.109-35.798) | 21.311 Meter Cube |
| 5 | നൽകാവുന്ന തുക (21.311 X 466.37 ) | 9938.81 |
| 6 | നൽകിയ തുക(58.31 X 466.37 ) | 27194.03 |
| 7 | അധികം നൽകിയ തുക(6- 5) | 17,255.00 |

3. ആപ്പാളം പാലം നിർമ്മാണം, മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0103/23 | ആപ്പാളം പാലം നിർമ്മാണം, മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത് | 7,00,000.00 (വികസനഫണ്ട്-ജനറൽ) | 6,03,585.00(ബിൽ നം. 16/2022-23/08.02.2023 ) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എസ്റ്റിമേറ്റ് നമ്പർ/തുക | | 2022/77508/700000/- | |
| കരാർ നമ്പർ | | AEE/LID&LW/KPTA/16/22-23/13.12.2022 | |
| കരാറുകാരന്റെ പേര് | | വിനോദ് വർഗ്ഗീസ്, മുട്ടിൽ | |

പ്രൈസ് സോഫ്റ്റ് വെയറിലെ ഇ-എം ബുക്ക് ക്രമ നം. 1 പ്രകാരം 105.6 ഘ.മീറ്റർ മണ്ണ് കഴിച്ചെടുത്തിട്ടുണ്ട്. ക്രമ നം. 14 പ്രകാരം 27.324 ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന് (ഘ.മീ. ന് 267.6 രൂപ നിരക്കിൽ) തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിക്കാത്തതിനാൽ താഴെപ്പറയുന്ന തരത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | എം ബുക്ക് പ്രകാരം കരാറുകാരൻ കൊണ്ട് വന്ന് നിറച്ച മണ്ണിന്റെ അളവ് | 27.324 Meter Cube |
| 2 | കൺസോളിഡേഷൻ കുറച്ചതിന് ശേഷം എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന മണ്ണിന്റെ അളവ് | 21.86 Meter Cube(Limited To Estaimate 6.75 Meter Cube) |
| 3 | എം ബുക്ക് പ്രകാരം സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് | 105.6 Meter Cube |
| 4 | യഥാർത്ഥത്തിൽ കരാറുകാരൻ കൊണ്ട് വന്ന് നിറക്കേണ്ടിയിരുന്ന മണ്ണിന്റെ അളവ് | 0 Meter Cube |
| 5 | നൽകാവുന്ന തുക (0x 267.6 ) | 0 |
| 6 | നൽകിയ തുക(6.750 X 267.6 ) | 1806.3 |
| 7 | അധികം നൽകിയ തുക(5 - 4) | 1806.00 |

4. എൻ.എച്ച് കൈപ്പ കോളനി റോഡ് സൈഡ് കെട്ട് മണ്ണ് ഫില്ലിംഗ്, മുട്ടിൽ ഗ്രാമ പഞ്ചായത്ത്

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0130/23 | എൻ.എച്ച് കൈപ്പ കോളനി റോഡ് സൈഡ് കെട്ട് മണ്ണ് ഫില്ലിംഗ്, മുട്ടിൽ ഗ്രാമ പഞ്ചായത്ത് | 8,00,000.00 (വികസനഫണ്ട്-ടി.എസ്.പി) | 7,61,374.00(ബിൽ നം. 25/2022-23/10.03.2023 ) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എസ്റ്റിമേറ്റ് നമ്പർ/തുക | | 2022/72552, ₹ 8,00,000.00 | |
| കരാർ നമ്പർ | | AEE/LID&LW/KPTA/23/22-23/28.12.2022 | |
| കരാറുകാരന്റെ പേര് | | റോബിൻസൺ ആന്റണി, ചുണ്ടേൽ | |

പ്രൈസ് സോഫ്റ്റ് വെയറിലെ ഇ-എം ബുക്ക് ക്രമ നം. 1 പ്രകാരം 41.76 ഘ.മീറ്റർ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ക്രമ നം. 10 പ്രകാരം 215.697 ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന് (ഘ.മീ. ന് 309.76 രൂപ നിരക്കിൽ) തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിക്കാത്തതിനാൽ താഴെപ്പറയുന്ന തരത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | എം ബുക്ക് പ്രകാരം കരാറുകാരൻ കൊണ്ട് വന്ന് നിറച്ച മണ്ണിന്റെ അളവ് | 215.697 Meter Cube |
| 2 | കൺസോളിഡേഷൻ കുറച്ചതിന് ശേഷം എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന മണ്ണിന്റെ അളവ് | 172.558 Meter Cube |
| 3 | എം ബുക്ക് പ്രകാരം സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് | 41.76 Meter Cube |
| 4 | യഥാർത്ഥത്തിൽ കരാറുകാരൻ കൊണ്ട് വന്ന് നിറക്കേണ്ടിയിരുന്ന മണ്ണിന്റെ അളവ് ( 172.558 - 41.76) | 130.798 Meter Cube |
| 5 | നൽകാവുന്ന തുക (130.798 X 309.76 ) | 40515.98 |
| 6 | നൽകിയ തുക(172.558 X 309.76 ) | 53451.57 |
| 7 | അധികം നൽകിയ തുക(6 - 5) | 12,936.00 |

5. കുന്നമംഗലം റോഡ് പാർശ്വ ഭിത്തി സംരക്ഷണം,മേപ്പാടി ഗ്രാമ പഞ്ചായത്ത്

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0116/23 | കുന്നമംഗലം റോഡ് പാർശ്വ ഭിത്തി സംരക്ഷണം,മേപ്പാടി ഗ്രാമ പഞ്ചായത്ത് | 4,35,498.00 (വികസനഫണ്ട്-ജനറൽ) | 3,20,545.00(ബിൽ നം. 36/2022-23/30.03.2023 ) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എസ്റ്റിമേറ്റ് നമ്പർ/തുക | | 2022/83000, ₹ 5,00,000.00 | |
| കരാർ നമ്പർ | | AEE/LID&LW/KPTA/14/22-23/09.12.2022 | |
| കരാറുകാരന്റെ പേര് | | അബ്ദുൾ സത്താർ.പി.എം, താമരശ്ശേരി | |

പ്രൈസ് സോഫ്റ്റ് വെയറിലെ ഇ-എം ബുക്ക് ക്രമ നം. 1 പ്രകാരം 18.947 ഘ.മീറ്റർ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ക്രമ നം. 4 പ്രകാരം 10.8 ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന് (ഘ.മീ. ന് 309.76 രൂപ നിരക്കിൽ) തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിക്കാത്തതിനാൽ താഴെപ്പറയുന്ന തരത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. എം ബുക്ക് പ്രകാരം കൺസോളിഡേഷൻ കുറച്ചിട്ടില്ല.

| | | |
|---|---|---|
| 1 | എം ബുക്ക് പ്രകാരം കരാറുകാരൻ കൊണ്ട് വന്ന് നിറച്ച മണ്ണിന്റെ അളവ് | 10.8 Meter Cube |
| 2 | എം ബുക്ക് പ്രകാരം സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് | 18.947 Meter Cube |
| 3 | യഥാർത്ഥത്തിൽ കരാറുകാരൻ കൊണ്ട് വന്ന് നിറക്കേണ്ടിയിരുന്ന മണ്ണിന്റെ അളവ് | 0 Meter Cube |
| 4 | നൽകാവുന്ന തുക (0x 309.76 ) | 0 |
| 5 | നൽകിയ തുക(10.8 X 309.76 ) | 3,345.41 |
| 6 | അധികം നൽകിയ തുക(5 - 4) | 3,345.00 |

6. വാളക്കൊല്ലി കൾവർട്ട് & റോഡ് പ്രൊട്ടക്ഷൻ, പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്

| പ്രൊജക്റ്റ് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0004/23 | വാളക്കൊല്ലി കൾവർട്ട് & റോഡ് പ്രൊട്ടക്ഷൻ, പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് | 12,00,000.00 (വികസനഫണ്ട്-ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 10,94,867.00(വൗച്ചർ നം. XVFC/2022-23/P/32/30.03.2023 ) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എസ്റ്റിമേറ്റ് നമ്പർ/തുക | | 2022/50110, ₹ 12,00,000.00 | |
| കരാർ നമ്പർ | | AEE/LID&LW/KPTA/19/22-23/14.12.2022 | |
| കരാറുകാരന്റെ പേര് | | കോട്ടത്തറ ലേബർ കോൺട്രാക്ട് സൊസൈറ്റി | |

പ്രൈസ് സോഫ്റ്റ് വെയറിലെ ഇ-എം ബുക്ക് ക്രമ നം. 3 പ്രകാരം 42 ഘ.മീറ്റർ മണ്ണും ക്രമ നം. 4 പ്രകാരം 23.4 ഘ.മീറ്റർ മണ്ണും ക്രമ നം. 17 പ്രകാരം 11.184 ഘ.മീറ്റർ മണ്ണും കുഴിച്ചെടുത്തിട്ടുണ്ട്. ക്രമ നം. 24 പ്രകാരം 19.278 ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന് (ഘ.മീ. ന് 283.12 രൂപ നിരക്കിൽ) തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിക്കാത്തതിനാൽ താഴെപ്പറയുന്ന തരത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | എം ബുക്ക് പ്രകാരം കരാറുകാരൻ കൊണ്ട് വന്ന് നിറച്ച മണ്ണിന്റെ അളവ് | 19.278 Meter Cube |
| 2 | 20% കൺസോളിഡേഷൻ കുറച്ചതിന് ശേഷം എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന മണ്ണിന്റെ അളവ് | 15.424 Meter Cube(Limited To Estimate 14.063 Meter Cube) |
| 3 | എം ബുക്ക് പ്രകാരം സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് | 76.584 Meter Cube |
| 4 | യഥാർത്ഥത്തിൽ കരാറുകാരൻ കൊണ്ട് വന്ന് നിറക്കേണ്ടിയിരുന്ന മണ്ണിന്റെ അളവ് | 0 Meter Cube |
| 4 | നൽകാവുന്ന തുക (0 X 283.12 ) | 0 |
| 5 | നൽകിയ തുക(14.063 X 283.12 ) | 3981.52 |
| 6 | അധികം നൽകിയ തുക(5 - 4) | 3,982.00 |

7. കളപ്പീടിക മക്കോട്ടുകുന്ന് റോഡ് സൈഡ് കെട്ട് & കോൺക്രീറ്റ് , പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്

| പ്രൊജക്റ്റ് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0005/23 | കളപ്പീടിക മക്കോട്ടുകുന്ന് റോഡ് സൈഡ് കെട്ട് & കോൺക്രീറ്റ് , പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് | 12,00,000.00 (വികസനഫണ്ട്-ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 9,71,770.00(വൗച്ചർ നം. XVFC/2022-23/P/26/ 16.03.2023 ) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എസ്റ്റിമേറ്റ് നമ്പർ/തുക | | 2022/50022, ₹ 12,00,000.00 | |
| കരാർ നമ്പർ | | AEE/LID&LW/KPTA/3/22-23/06.12.2022 | |

| | |
|---|---|
| കരാറുകാരന്റെ പേര് | മുഹമ്മദ് നിസാർ.സി.കെ |

പ്രൈസ് സോഫ്റ്റ് വെയറിലെ ഇ-എം ബുക്ക് ക്രമ നം. 1 പ്രകാരം 33.75ഘ.മീറ്റർ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ക്രമ നം. 7 പ്രകാരം 25 ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന് (ഘ.മീ. ന് 254.77 രൂപ നിരക്കിൽ) തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിക്കാത്തതിനാൽ താഴെപ്പറയുന്ന തരത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | എം ബുക്ക് പ്രകാരം കരാറുകാരൻ കൊണ്ട് വന്ന് നിറച്ച മണ്ണിന്റെ അളവ് | 25 Meter Cube |
| 2 | 20% കൺസോളിഡേഷൻ കുറച്ചതിന് ശേഷം എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന മണ്ണിന്റെ അളവ് | 20 Meter Cube |
| 3 | എം ബുക്ക് പ്രകാരം സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് | 33.75 Meter Cube |
| 4 | യഥാർത്ഥത്തിൽ കരാറുകാരൻ കൊണ്ട് വന്ന് നിറക്കേണ്ടിയിരുന്ന മണ്ണിന്റെ അളവ് | 0 Meter Cube |
| 4 | നൽകാവുന്ന തുക (0 X 254.77 ) | 0 |
| 5 | നൽകിയ തുക(20 X 254.77 ) | 5095.4 |
| 6 | അധികം നൽകിയ തുക(5 - 4) | 5,095.00 |

8. പുതുക്കുടിമുക്ക് കുടിവെള്ള പദ്ധതി, മേപ്പാടി ഗ്രാമ പഞ്ചായത്ത്

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0147/23 | പുതുക്കുടിമുക്ക് കുടിവെള്ള പദ്ധതി, മേപ്പാടി ഗ്രാമ പഞ്ചായത്ത് | 11,00,000.00 (വികസനഫണ്ട്-ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 5,80,762.00(വൗച്ചർ നം. XVFC/2022-23/P/30/29.03.2023 ) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എസ്റ്റിമേറ്റ് നമ്പർ/തുക | | 2022/77525, ₹ 11,00,000.00 | |
| കരാർ നമ്പർ | | AEE/LID&LW/KPTA/24/22-23/12.01.2023 | |
| കരാറുകാരന്റെ പേര് | | പി.എ.മുഹമ്മദ് | |

പ്രൈസ് സോഫ്റ്റ് വെയറിലെ ഇ-എം ബുക്ക് ക്രമ നം. 1 പ്രകാരം 32 ഘ.മീറ്റർ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ക്രമ നം. 13 പ്രകാരം 23.856 ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന് (ഘ.മീ. ന് 236.78 രൂപ നിരക്കിൽ) തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിക്കാത്തതിനാൽ താഴെപ്പറയുന്ന തരത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | എം ബുക്ക് പ്രകാരം കരാറുകാരൻ കൊണ്ട് വന്ന് നിറച്ച മണ്ണിന്റെ അളവ് | 23.856 Meter Cube |
| 2 | 20% കൺസോളിഡേഷൻ കുറച്ചതിന് ശേഷം എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന മണ്ണിന്റെ അളവ് | 19.086 Meter Cube |
| 3 | എം ബുക്ക് പ്രകാരം സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് | 32 Meter Cube |
| 4 | യഥാർത്ഥത്തിൽ കരാറുകാരൻ കൊണ്ട് വന്ന് നിറക്കേണ്ടിയിരുന്ന മണ്ണിന്റെ അളവ് | 0 Meter Cube |
| 4 | നൽകാവുന്ന തുക (0 X 236.78 ) | 0 |
| 5 | നൽകിയ തുക(19.086 X 236.78 ) | 4519.18 |
| 6 | അധികം നൽകിയ തുക(5 - 4) | 4,519.00 |

9. കണഞ്ചേരി പൊയിലിൽ കോളനി തോട് സൈഡ് സംരക്ഷണം, തരിയോട് ഗ്രാമ പഞ്ചായത്ത്

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0060/23 | കണഞ്ചേരി പൊയിലിൽ കോളനി തോട് സൈഡ് സംരക്ഷണം, തരിയോട് ഗ്രാമ പഞ്ചായത്ത് | 8,00,000.00 (വികസനഫണ്ട്-ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 7,16,511.00(വൗച്ചർ നം. XVFC/2022-23 /P/29/28.03.2023 ) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എസ്റ്റിമേറ്റ് നമ്പർ/തുക | | 2021/70930, ₹8,00,000.00 | |

| | |
|---|---|
| കരാർ നമ്പർ | AEE/LID&LW/KPTA/43/22-23/10.03.2022 |
| കരാറുകാരന്റെ പേര് | അഷിൻ ലാൽ |
| എം.ബുക്ക് നം. | 46/22-23 |

എം ബുക്ക് പേജ് നമ്പർ 1 പ്രകാരം 56.99 ഘ.മീറ്റർ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.എം ബുക്ക് പേജ് നമ്പർ 11 പ്രകാരം 56.99 ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന് (ഘ.മീ. ന് 466.37 രൂപ നിരക്കിൽ) തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിക്കാത്തതിനാൽ താഴെപ്പറയുന്ന തരത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | എം ബുക്ക് പ്രകാരം കരാറുകാരൻ കൊണ്ട് വന്ന് നിറച്ച മണ്ണിന്റെ അളവ് | 56.99 Meter Cube |
| 2 | 20% കൺസോളിഡേഷൻ കുറച്ചതിന് ശേഷം എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന മണ്ണിന്റെ അളവ് | 45.59 Meter Cube |
| 3 | എം ബുക്ക് പ്രകാരം സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് | 56.99 Meter Cube |
| 4 | യഥാർത്ഥത്തിൽ കരാറുകാരൻ കൊണ്ട് വന്ന് നിറക്കേണ്ടിയിരുന്ന മണ്ണിന്റെ അളവ് (45.59-56.99) | 0 Meter Cube |
| 4 | നൽകാവുന്ന തുക (0 X 466.37 ) | 0 |
| 5 | നൽകിയ തുക(45.59 X 466.37) | 21261.81 |
| 6 | അധികം നൽകിയ തുക(5 - 4) | 21,261.00 |

10. മാങ്കുനി ട്രൈബൽ ഹോസ്റ്റൽ കമ്പനിക്കുന്ന് റോഡ് വാർഡ് 12 തരിയോട് ഗ്രാ.പ

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0099/23 | മാങ്കുനി ട്രൈബൽ ഹോസ്റ്റൽ കമ്പനിക്കുന്ന് റോഡ് വാർഡ് 12 തരിയോട് ഗ്രാ.പ | 5,00,000.00 (വികസനഫണ്ട്-പൊതു വിഭാഗം) | 4,88,601.00 (ബിൽ നം. 4,88,601.00/30/03/2023) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എസ്റ്റിമേറ്റ് നമ്പർ/തുക | | 80801/2022, 5,00,000.00 | |
| കരാർ നമ്പർ | | AEE/LID&LW/KPTA/45/22-23/21.02.2023 | |
| കരാറുകാരന്റെ പേര് | | കെ.രഞ്ജിത്ത്, കാവുമന്ദം | |

പ്രൈസ് സോഫ്റ്റ് വെയറിലെ ഇ-എം ബുക്ക് ക്രമ നം. 1 പ്രകാരം 78 ഘ.മീറ്റർ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ക്രമ നം. 12 പ്രകാരം 9.24 ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന് (ഘ.മീ. ന് 300 രൂപ നിരക്കിൽ) തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിക്കാത്തതിനാൽ താഴെപ്പറയുന്ന തരത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | എം ബുക്ക് പ്രകാരം കരാറുകാരൻ കൊണ്ട് വന്ന് നിറച്ച മണ്ണിന്റെ അളവ് | 9.24 Meter Cube |
| 2 | 20% കൺസോളിഡേഷൻ കുറച്ചതിന് ശേഷം എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന മണ്ണിന്റെ അളവ് | 7.392 Meter Cube (Limited To Estimate 6.75) |
| 3 | എം ബുക്ക് പ്രകാരം സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് | 78 Meter Cube |
| 4 | യഥാർത്ഥത്തിൽ കരാറുകാരൻ കൊണ്ട് വന്ന് നിറക്കേണ്ടിയിരുന്ന മണ്ണിന്റെ അളവ് (6.75-78) | 0 Meter Cube |
| 4 | നൽകാവുന്ന തുക (0 X 300 ) | 0 |
| 5 | നൽകിയ തുക(6.75 X 300) | 2025 |
| 6 | അധികം നൽകിയ തുക(5 - 4) | 2,025.00 |

സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിക്കാത്തതിനാൽ , മേൽ പട്ടിക പ്രകാരം 81,690.00 രൂപ (9466+17255+1806+12936+3345+3982+5095+4519+21261+2025) നഷ്ടം സംഭവിച്ചിട്ടുണ്ട്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/22-23/14.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാർക്ക് അധികം നൽകിയ, ₹ 81,690.00 നഷ്ടം ഓഡിറ്റിൽ നിരാകരിക്കുന്ന (ഖണ്ഡിക 3-2

കാണുക).

## 1-20 പൊളിച്ചുമാറ്റിയ വസ്തുക്കൾ ലേലം ചെയ്തത് - തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല-

1. ആനപ്പാറ മഹിള സമാജം കെട്ടിടം നവീകരണം, വൈത്തിരി ഗ്രാമ പഞ്ചായത്ത്

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0161/23 | ആനപ്പാറ മഹിള സമാജം കെട്ടിടം നവീകരണം, വൈത്തിരി ഗ്രാമ പഞ്ചായത്ത് | 5,00,000.00 (വികസനഫണ്ട്-സാധാരണം) | 2,76,599.00 (ബിൽ നം. 55/2022-23 /30.03.23) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |

22/03/2023 തീയതിയിലെ, അസി.എഞ്ചിനീയറുടെ, വൈത്തിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കുള്ള കത്ത് (നം.എഇ/എൽഐഡി&ഡബ്ല്യു/കെപിറ്റിഎ/2022-23) പ്രകാരം, മേൽ പദ്ധതിയിൽ, പൊളിച്ച മാറ്റിയ ആസ്ബസ്റ്റോസ് ഷീറ്റ്(64.2 Sq M) , റൂഫിംഗ് സ്റ്റീൽ(208 കി.ഗ്രാ) എന്നിവ കെട്ടിടത്തിന്റെ പുറക് ഭാഗത്ത് സൂക്ഷിച്ചിട്ടുണ്ടെന്നും, ആയത് പഞ്ചായത്ത് ലേലം വിളിക്കുകയും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

2. എസ്.ടി കോളനി അപ്പണവയൽ സൈഡ് സംരക്ഷണം, വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത്

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0122/23 | എസ്.ടി കോളനി അപ്പണവയൽ സൈഡ് സംരക്ഷണം, വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത് | 5,00,000.00 (വികസനഫണ്ട്-ടി.എസ്.പി) | 4,92,014.00 (ബിൽ നം. 35/2022-23/30.03.23) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |

01/03/2023 തീയതിയിലെ, അസി.എഞ്ചിനീയറുടെ, വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കുള്ള കത്ത് (നം.എഇ/എൽഐഡി&ഡബ്ല്യു/കെപിറ്റിഎ/2022-23) പ്രകാരം, മേൽ പദ്ധതിയിൽ, പൊളിച്ച മാറ്റിയ 5 Cubic Meterകല്ല് കോളനിക്ക് സമീപത്തുള്ള ഗ്രൗണ്ടിൽ അട്ടി വെച്ചിട്ടുണ്ടെന്നും, ആയത് പഞ്ചായത്ത് ലേലം വിളിക്കുകയും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം പൊളിച്ചുമാറ്റിയ വസ്തുക്കൾ ലേലം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/22-23/14.07.2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികളിലെ വസ്തുക്കൾ നിലവിലും ലേലം ചെയ്തിട്ടില്ല. ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-21 ഘടകസ്ഥാപനങ്ങളിലെ ലാൻ വയറിംഗ് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്

പ്രോജക്ട് നം. എസ് 0083/23

അടങ്കൽ- 3,00,000.00 (തനത് ഫണ്ട്)

ചെലവ്-2,59608.00 (ചെക്ക് നം.5077095 തീയതി 24-03-2023)

ചെലവ് 30317.00 (ചെക്ക് നം. KL/02880868120223M)

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി.

ഡി.പി.സി നം.1136 / 2021 /ADPO /DPC /DPO /WyD (B) തീയതി 03-08-2022

ഭരണസമിതി തീരുമാനം.നം. 9/4 തീയതി 01-07-2022

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഘടകസ്ഥാപനങ്ങൾക്ക് ലാൻവയറിംഗ് എന്ന ഈ പ്രോജക്ടിൽ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക് വിഭാഗത്തിന്റെ സേവനം ഉപയോഗിച്ച് നിർവ്വഹിക്കാമെന്നുള്ള ഭരണസമിതി തീരുമാനിച്ചിരുന്നു. അതിന്റെഅടിസ്ഥാനത്തിൽ പൊതുമരാമത്ത്

വകുപ്പ് ഇലക്ട്രോണിക്ക് സെക്ഷനോട് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ആവശ്യപ്പെടുകയുണ്ടായി. 14-12-2022 തീയതിയിൽ പൊതുമരാമത്ത് വിഭാഗം ₹2,89,925.00 രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയുണ്ടായി. എസ്റ്റിമേറ്റിൽ ആവശ്യപ്പെട്ടതു പ്രകാരമുള്ള ₹ 2,89,925.00 രൂപ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ HA. 8443 00 108 PW എന്ന ശീർഷകത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഇതുവരെ പൂർത്തിയാക്കിയിട്ടില്ല എന്നാണ് ഓഡിറ്റിൽ വിശദീകരിച്ചിട്ടുള്ളത്. പ്രവൃത്തി താമസംവിനാ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. പൊതുമരാമത്ത് സ്റ്റാറ്റിംഗ് കമ്മറ്റി പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ഈ ചെലവ് തുക തടസ്സത്തിൽവെക്കുന്നു.

## 1-22 തുല്യതാ പരിക്ഷ-പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ഫീസിനത്തിൽ അനർഹമായി ഒടുക്കിയ 16200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. എസ് 0075/23- സാക്ഷരത തുല്യത രജിസ്ട്രേഷൻ.

ഫണ്ട്- അടങ്കൽ- 2,00,000.00 (ജനറൽ)- ചെലവ്- 1,91,250.00

ബിൽ നം. 22180163003500936211 തീയതി 23-12-2022

ഡി.പി.സി. നം. 1136/2022/ADPO/DPC/DPO വയനാട്.

ഫയൽ നം. D-2903/22

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി പത്താംതരം, ഹയർസെക്കണ്ടറി കോഴ്സുകൾക്ക് തുല്യത നേടുന്നതിനുവേണ്ടിയുള്ള പരിക്ഷയ്ക്ക് പങ്കെടുക്കുന്നതിന് 2022-23 വർഷത്തിൽ യഥാക്രമം 70 പഠിതാക്കളുടെയും, 37 പഠിതാക്കളുടെയും പരിക്ഷാഫീസ് സംസ്ഥാന സാക്ഷരതാ മിഷനിൽ ഒടുക്കിയിട്ടുള്ളതായി ഇതുസംബന്ധിച്ച പ്രോജക്ട് ഫയലിൽ കാണുന്നു. ഒടുക്കിയ ഫീസ് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| തുല്യത ക്ലാസ് | പഠിതാക്കളുടെ എണ്ണം | ഒടുക്കിയ ഫീസ് |
|---|---|---|
| പത്താം തരം തുല്യത | 65 | 1,20,750.00 |
| ഹയർ സെക്കണ്ടറി | 27 | 70,500.00 |
| ആകെ | 92 | 1,91,250.00 |

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയും, സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്തുന്ന പത്താംതരം, ഏഴാംതരം, കോഴ്സുകൾക്ക് രജിസ്റ്റർ ചെയ്ത മേൽ പട്ടികയിൽ ഉൾപ്പെട്ട പഠിതാക്കളിൽ പട്ടിക ജാതി ,പട്ടിക വർഗ്ഗ വിഭഗത്തിലെ പഠിതാക്കളും ഉൾപ്പെട്ടതായി കാണുന്നു. സാക്ഷരതാ മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച വിവരങ്ങൾ അനുസരിച്ച് എസ്.സി. എസ്.ടി, വിഭാഗങ്ങളിലെയും, ട്രാൻസ്ജൻഡർ വിഭാഗങ്ങളിലെയും പഠിതാക്കൾക്ക് ഫീസ് ഇളവ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം എസ്.ടി വിഭാഗത്തിൽപ്പെട്ടവർ കോഴ്സ് ഫീ ഒടുക്കേണ്ടതില്ല എന്നാൽ സംസ്ഥാന സാക്ഷരതാ മിഷനിൽ 2022-23 വർഷത്തിൽ ഒടുക്കിയ ഫീസിനത്തിൽ അംഗീകൃത ഗുണഭോക്തൃ പട്ടിക പ്രകാരം എസ്.ടി വിഭാഗത്തിൽ ഉൾപ്പെട്ട പഠിതാകളുടെ കോഴ്സ്ഫീസും സംസ്ഥാന സാക്ഷരതാ മിഷനിൽ ഒടുക്കിയതായി പ്രോജക്ട് രേഖകൾ പ്രകാരം കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | രജി. നംബർ<br>പത്താം ക്ലാസ് തുല്യത | പഠിതാവിന്റെ<br>പേര് | വിഭാഗം | ഒടുക്കിയ ഫീസ് |
|---|---|---|---|---|
| 1 | 380287 Dt 10-12-22 | ശ്രീ.നയനാബാബു | എസ്.ടി | 1850.00 |
| 2 | 390357 Dt10-12-22 | ശ്രീ. ലക്ഷമി. എ.എ | എസ്.ടി | 1850.00 |
| | ഹയർസെക്കണ്ടറി തുല്യത | | | |
| 3 | 389068 Dt 12-12-22 | ശ്രീ. ജോതിഷ്.കെ | എസ്.ടി. | 2500.00 |
| 4 | 389525 Dt 12-12-22 | ശ്രീ. മഹേഷ്.എം. | എസ്.ടി. | 2500.00 |
| 5 | 390319 Dt 12-12-22 | ശ്രീ. ഐശ്വര്യ.പി | എസ്.ടി | 2500.00 |
| 6 | 403861 Dt 12-12-22 | ശ്രീ.മണികണ്ഠൻ, വി | എസ്.ടി | 2500.00 |
| 7 | 416831 Dt 12-12-22 | ശ്രീ. കമല.പി.സി | എസ്.ടി | 2500.00 |
| | | | ആകെ | 16200.00 |

മേൽ പട്ടികയിൽ എസ്.ടി വിഭാഗത്തിൽ ഉൾപ്പെട്ട പഠിതാക്കളുടെ ഫീസ് ഒടുക്കിയത് സംബന്ധിച്ച് വിശദവിവരം

ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണകുറിപ്പ് നം.5/2022-2023 തീയതി 11-07-2023 ന് 15-07-2023 ന് ലഭ്യമാക്കിയ മറുപടിയിൽ ജാതി സർട്ടിഫിക്കറ്റ് സമയബന്ധിതമായി ലഭിക്കാത്ത കാരണമാണ് മുഴുവൻ പേരുടെയും തുക അടക്കേണ്ടി വന്നത് എന്നാണ്. ഇത് ക്രമപ്രകാരമല്ല ആയതിനാൽ ഏഴ്,പത്ത് ക്ലാസുകളിലേക്കുള്ള തുല്യതാ പരിക്ഷയ്ക്ക് പട്ടിക വർഗ്ഗ വിഭാഗത്തിലെ പഠിതാക്കൾക്ക് വേണ്ടി അനർഹമായി സംസ്ഥാന സാക്ഷരതാ മിഷനിൽ ഒടുക്കിയ തുക തിരികെ ലഭിക്കുന്നതിനോ അല്ലെങ്കിൽ ഭാവിയിലെ പഠിതാക്കളുടെ ഫീസിൽ ക്രമീകരിക്കുന്നതിനോ ഉള്ള നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 പി.എം.എ.വൈ ഭവന നിർമ്മാണ പ്രോജക്റ്റ്-അവലോകനം

ബ്ലോക്ക് പഞ്ചായത്ത് 2022-23 ൽ നടപ്പാക്കിയ ഭവന നിർമ്മാണ പ്രൊജക്റ്റ് വിവരം ചുവടെ കൊടുക്കുന്നു

| പ്രൊജക്റ്റ് നം. | 63 /2022-2023 | 64 /2022-2023 | 65 /2022-23 |
|---|---|---|---|
| പ്രൊജക്റ്റ് വിഭാഗം | പി .എം. എ. ഭവന നിർമ്മാണം General | പി .എം. എ. ഭവന നിർമ്മാണം (പട്ടിക ജാതി) വികസന ഫണ്ട് | പി .എം. എ. ഭവന നിർമ്മാണം (പട്ടിക വർഗ്ഗ) വികസന ഫണ്ട് |
| ഫണ്ട് അടങ്കൽ) | (Fund General) ₹ 1,19,53,768.00 | Fund SCP) ₹ 32,68,700.00 | TSP Fund ₹ 1,22,27,513.00 |
| ചെലവ് | ₹ 1,18,98,693.00 | ₹ 28,44,000.00 | ₹ 1,22,27,513.00 |
| കേന്ദ്ര ഫണ്ട് Adangal | ₹ 1,72,80,000.00 | ₹ 64,80,000.00 | ₹ 1,88,40,000.00 |
| ചെലവ് | ഇല്ല | ഇല്ല | ഇല്ല |
| സംസ്ഥാനാവിഹിതം അടങ്കൽ | ഇല്ല | ₹ 54,00,000.00 | ₹ 1,54,00,000 |
| ചെലവ് | ഇല്ല | ഇല്ല | ഇല്ല |
| മറ്റ് പഞ്ചായത്ത് വിഹിതം (അടങ്കൽ) | ₹ 10,08,00,00.00 | ₹ 24,30,000.00 | ₹ 1,46,30,000.00 |
| ചെലവ് | ₹ 28,12,000.00 | ₹ 6,58,000.00 | ₹ 51,13,000.00 |
| ജില്ലാ പഞ്ചായത്ത് വിഹിതം(അടങ്കൽ) | ₹ 1,41,12,000.00 | ₹ 34,02,000.00 | ₹ 2,04,82,000.00 |
| ചെലവ് | ₹52,50,099.00 | ₹ 10,03,000.00 | ₹ 76,93,025.00 |
| Total Adangal | ₹ 5,34,25,768.00 | ₹ 2,09,80,700.00 | ₹8,15,79,513.00 |
| Total Expenditure | ₹ 1,99,60,792.00 | ₹ 45,05,000.00 | ₹ 25,033,538.00 |

മേൽ പ്രോജക്ടുകളിലെ ചെലവുകൾ പ്രകാരം ആകെ ₹4,94,99,330.00രൂപയുടെ ഭവനനിർമ്മാണ ധനസഹായം നൽകിയിട്ടുണ്ട്.ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്കാണ് ധനസഹായം ലഭിച്ചിട്ടുള്ളത് പട്ടിക ജാതി വിഭാഗത്തിനും ജനറൽ വിഭാഗത്തിനും ₹ 4 ലക്ഷം രൂപവീതവും, പട്ടിക വർഗ്ഗ വിഭാഗത്തിന് ₹ 6 ലക്ഷം രൂപയുമാണ് ധനസഹായമായി നൽകിയിട്ടുള്ളത്. 2016-17 മുതൽ നടപ്പാക്കി വരുന്ന ഈ ഭവന നിർമ്മാണ പദ്ധതിയിലൂടെ 3 വർഷത്തിനുള്ളിൽ ഗ്രാമപ്രദേശത്ത് ഒരു കോടി ഭവനങ്ങൾ നിർമ്മിക്കുക എന്നതാണ് PMAY (G) പദ്ധതിയുടെ ലക്ഷ്യം. കേന്ദ്ര സംസ്ഥാന സർക്കാറുകൾ 60: 40 അനുപാതത്തിൽ ചെലവ് പങ്കിടുന്ന ഈ പ്രൊജക്റ്റ് നിർദ്ധനരായ ഭവനരഹിതർക്ക് ആശ്രയമാണ്. ഓഡിറ്റിന്റെ ഭാഗമായി 2022-23 വർഷത്തെ PMAY ഭവന നിർമ്മാണ ഫയലുകൾ പരിശോധിച്ചതിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളിൽ 70% പേരും ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ള അവസാന ഘട്ടത്തിലും 25% പേർ ഭവന നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡുകൈപ്പറ്റിയ അവസ്ഥയിലുമാണ് ഉള്ളത്. 5%ഗുണഭോക്താക്കൾ രണ്ട് ഗഡു കൈപ്പറ്റി മാസങ്ങളായിട്ടും തുടർ നിർമ്മാണം നടത്താതെയിരിക്കുന്നതായും ഫയൽ പ്രകാരം കാണുന്നു. പി.എം.എ.വൈ പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒന്നാം ഗഡു കൈപ്പറ്റി 12 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഈ വിഭാഗത്തിന് അതിന് സാധിച്ചിട്ടില്ല. ഇതിന്റെ കാരണമൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുമില്ല. അസുഖങ്ങളും മറ്റ് സാമ്പത്തിക പ്രയാസങ്ങളുമാണ് പ്രതിസന്ധിക്കു കാരണമെന്നാണ് ഓഡിറ്റിൽ അറിയിച്ചിട്ടുള്ളത്. ഈ വിഭാഗത്തിന് ആവശ്യമായ പിന്തുണയും സഹായവും നൽകി അവരുടെ ഭവന നിർമ്മാണവും സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ

ബ്ലോക്ക് പഞ്ചായത്ത് അധികൃതരിൽ നിന്നും ഉണ്ടാവേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയത് പ്രകാരം താഴെചേർത്ത വിഷയങ്ങൾ കൂടി പരിഗണിച്ച് പ്രൊജക്ട് നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്.

1. PMAY ഭവന പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ഘട്ടം ഘട്ടമായി അനുവദിക്കുന്ന തുകയുടെ വിവരം, തുക നൽകിയ തീയതി, ചെക്ക് നംബർ ,ഇതുവരെ നൽകിയ തുക, കെട്ടിട നിർമ്മാണത്തിന്റെ സ്റ്റേജ് എന്നിവ കൃത്യതയോടെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഭവന നിർമ്മാണം പൂർത്തയാക്കിയവരുടെ സംഗതിയിൽ അവസാന ഗഡു കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയായി എന്ന് രേഖപ്പെടുത്തണം. നിലവിൽ ഈ വിവരങ്ങൾ അലക്ഷ്യമായാണ് രേഖപ്പെടുത്തികാണുന്നത്. ആയത് ക്രമപ്രകാരം രേഖപ്പെടുത്തുന്നതായി കാണുന്നില്ല. വെട്ടി തിരുത്തിയാണ് പല എൻടികളും കാണുന്നത്.

2. ഭവന നിർമ്മാണ ഗഡുക്കൾ അനുവദിക്കുന്നതിനുള്ള ഓരോ ഘട്ടത്തിലും, വി.ഇ.ഒ റിപ്പോർട്ട്, ജോയിന്റ് ബി.ഡി.ഒ ശിപാർശ, തുക അനുവദിക്കാനുള്ള ബി.ഡി.ഒ ഉത്തരവ്, ഗുണഭോക്താവ് തുക കൈപ്പറ്റിയതായുള്ള രശീതി എന്നിവയും കൃത്യതയോടെ തയ്യാറാക്കുന്നതായി കാണുന്നില്ല. വി.ഇ.ഒ. ശിപാർശ ചെയ്ത തുകയിൽ ജോയിന്റ് ബി.ഡി.ഒ, വരുത്തുന്ന തിരുത്തൽ പ്രകാരം വി.ഇ.ഒ റിപ്പോർട്ടിനേക്കാൾ കുറവായ തുക അനുവദിക്കുന്നതായി കാണുന്നു. എന്നാൽ ഗുണഭോക്താവ് ഒപ്പിട്ട് നൽകുന്ന രസീതിൽ വി.ഇ.ഒ ശിപാർശ ചെയ്ത തുക തന്നെയാണ് രേഖപ്പെടുത്തി കാണുന്നത്.

3. ഭവന നിർമ്മാണം പൂർത്തിയായത് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ ഫയലിലും ലഭ്യമല്ല. മോണിറ്ററിംഗ് റിപ്പോർട്ടിൽ ബ്ലോക്ക് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്,ബ്ലോക്ക് ഡിവിഷൻ മെംബർ, വി.ഇ.ഒ എന്നിവരുടെ ഒപ്പ് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന തുക ബാങ്ക് അക്കൗണ്ട് മുഖേനയാണ് നൽകുന്നത് എന്നതിനാൽ ഭവന നിർമ്മാണ ഗഡുക്കൾ പൂർത്തിയായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റിന്റെ കോപ്പി കൂടി ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്.

5. ഭവന നിർമ്മാണത്തിന് വിവിധ വിഭാഗത്തിൽ അനുവദിച്ച ഫണ്ട് അടിസ്ഥാനത്തിൽ തൻവർഷ പദ്ധതി ചെലവ് കണക്കാക്കുന്ന ആകെ തുക ലഭിക്കുന്ന വിധത്തിൽ ഒരു കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

6. ഭവന നിർമ്മാണം പൂർത്തിയായത് തെളിയിക്കുവാൻ ഫയലിൽ ഉൾപ്പെടുത്തുന്ന ഫോട്ടോയിൽ തീയതി കാണിക്കുന്ന വിധത്തിലാവാൻ ശ്രദ്ധിക്കേണ്ടതാണ്.

7.ഭവനനിർമ്മാണത്തിന്റെ പൂർത്തികരണത്തോടൊപ്പം നിർമ്മാണവസ്തുക്കളുടെയും, നിർമ്മാണത്തിന്റെയും ഗുണിലവാരം കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്.

## 1-24 ഗോത്രസാരഥി പദ്ധതിക്ക് വിഹിതം നൽകൽ-പദ്ധതിയുടെ ഫലപ്രാപ്തി മോണിറ്റർ ചെയ്യപ്പെടുന്നില്ല

പ്രോജക്ട് നം.എസ്.0 182/2022-23

ഫണ്ട് - ₹ 5,00,000.00 (ടി. എസ്.പി)

ചെലവ് ₹ 4,97,940.00 ( പദ്ധതി നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ

റിക്വിസിഷൻ പ്രകാരം സാംഖ്യ അക്കൗണ്ട് മുഖേനെ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനാൽ ബിൽ നംബർ പ്രത്യേകം ലഭ്യമല്ല.)

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

വിദൂര കോളനികളിൽ നിന്നും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളെ സ്കൂളിൽ എത്തിക്കുന്നതിനായി വാഹന സൗകര്യം ലഭ്യമാക്കുക എന്നതാണ് ഗോത്രസാരഥി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത സർക്കാർ എയിഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. .ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ്വീകരിക്കേണ്ട പ്രധാന മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

1.ഈ പദ്ധതിയനുസരിച്ച് എൽ. പി തലത്തിൽ പഠിക്കുന്ന കുട്ടികളുടെ വാസസ്ഥലവും സ്കൂളും തമ്മിൽ അര കിലോമീറ്ററിൽ കൂടുതലും, ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന കുട്ടികളുടെത് 2 കിലോമീറ്ററിലും കൂടുതലായിരിക്കേണ്ടതാണ്.

2. ഓരോ കോളനിയിൽ നിന്നും സ്കൂളിൽ പോയി വരുന്ന കുട്ടികൾ 5 എണ്ണമോ അതിൽ കുറവോ ആണെങ്കിൽ ടി വിദ്യാർത്ഥികൾക്ക് ആട്ടോറിക്ഷയും 5 മുതൽ 12 വരെയാണെങ്കിൽ ജീപ്പും, അതിൽ കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ

അനുയോജ്യമായ വാഹനവും ഏർപ്പെടുത്തി കൊടുക്കേണ്ടതാണ്.

3. ഗോത്രസാരഥി പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗിനായി ഓരോ സ്കൂളിലും താഴെ കൊടുത്ത പ്രകാരം കമ്മറ്റി രൂപീകരിക്കേണ്ടതാണ്.

എ. സ്കൂൾ പി.റ്റി.എ പ്രസിഡന്റ് - മോണിറ്ററിംഗ് കമ്മറ്റി പ്രസിഡന്റ്

ബി. സ്ഥലം ഗ്രാമപഞ്ചായത്ത് വാർഡ് മെംബർ- അംഗം

സി. സ്കൂളിലെ സീനിയറായ അദ്ധ്യാപകൻ - അംഗം

ഡി. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട രണ്ട് സാമൂഹ്യ പ്രവർത്തകർ (ഒന്ന് സ്ത്രീ, ഒന്ന് പുരുഷൻ)

ഇ. സ്കൂൾ ഹെഡ് മാസ്റ്റർ - കൺവീനർ

എഫ്. സ്ഥലത്തെ പട്ടിക വർഗ്ഗ പ്രമോട്ടർ -അംഗം

4. ഗോത്രസാരഥി പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ പട്ടിക വർഗ്ഗ വിദ്യാർത്ഥികളെയും ഓരോ വർഷവും ഒറ്റത്തവണ പ്രീമിയം അടവു നടത്തി അപകട ഇൻഷ്വറൻസ് ചെയ്യേണ്ടതാണ്.

5. ഗോത്രസാരഥി പദ്ധതിയുടെ ഗുണഭോക്താക്കളായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പേര്, ക്ലാസ്, സ്കൂളിന്റെ പേര്, കോൺടാക്ട്ഫോൺ നംബർ, ജാതി എന്നിവ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്ന സ്ഥാപന മേധാവികൾ വിവരങ്ങൾ തയ്യാറാക്കി പ്രോജക്ട് ഓഫീസർക്കും, ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർക്കും അയച്ചുകൊടുക്കേണ്ടതാണ്.

6. കേന്ദ്രസർക്കാർ, സംസ്ഥാനസർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ ജീവനക്കാരായ പട്ടികവർഗ്ഗകാരുടെ മക്കൾ ഗോത്രസാരഥി പദ്ധതിയിൽ ഗുണഭോക്താൾ ആകാൻ പാടില്ല.

7. പട്ടികവർഗ്ഗ പ്രൊമോട്ടർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവർ എല്ലാമാസവും ഒന്നിലധികം തവണ സ്കൂളിൽ എത്തിചേർന്ന് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹാജർ വിവരം ശേഖരിക്കേണ്ടതും. ഗോത്രസാരഥി പദ്ധതി പ്രകാരം വാഹനസൗകര്യം ഉണ്ടായിട്ടും സ്കൂളിൽ എത്താത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി സ്കൂളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രോജക്ട് നം. 182 /2022-23 പ്രകാരം ₹ 497940 രൂപ ചെലവഴിച്ചിട്ടുണ്ട്.ഈ തുകയിൽ₹ 3,48,060 രൂപ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിനും,₹ 1,04,880.00രൂപ മേപ്പാടി ഗ്രാമപഞ്ചായത്തിനുമാണ് കൈമാറിട്ടുള്ളത്. പ്രസ്തുത തുക വിനിയോഗിച്ചതായുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ബാക്കി തുകയായ 45000 രൂപയുടെ വിനിയോഗ വിവരം ലഭ്യമല്ല. ഈ പ്രോജക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ നേടുന്നതിന് എത്രത്തോളം സാധിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയത് ഇതു സംബന്ധിച്ചുള്ള മാർഗ്ഗരേഖപ്രകാരമാണോ തുടങ്ങിയ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ ആവശ്യപ്പെടുകയോ തുക വിനിയോഗിച്ച ഗ്രാമപഞ്ചായത്തുകളിലെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം നൽകുകയോ ചെയ്തിട്ടില്ല. പദ്ധതിക്കുവേണ്ടി ബ്ലോക്ക് വിഹിതമിനത്തിൽ നൽകിയ തുക പ്രോജക്ട് ലക്ഷ്യങ്ങൾ നേടുന്നതിന് എത്രത്തോളം സഹായിച്ചുവെന്ന് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ചചെയ്തതായും കാണുന്നില്ല. ബ്ലോക്ക് വിഹിതം നൽകി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേ നടപ്പാക്കുന്ന പ്രോജക്ടുകളുടെ ഫലപ്രാപ്തി തുക ലഭിച്ച തദ്ദേശസ്ഥാപനങ്ങൾ നൽകുന്ന തുക പൂർണ്ണമായും വിനിയോഗിച്ച എന്ന് രേഖപ്പെടുത്തിയ സാക്ഷ്യപത്രത്തെ മാത്രം അടിസ്ഥാനമാക്കാതെ ,പദ്ധതിയിലെ വിനിയോഗ വിവരങ്ങൾ വിശദമാക്കികൊണ്ടും പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിലെ പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം രേഖകൾ ലഭ്യമാക്കാൻ നിർദ്ദേശിക്കേണ്ടതാണ്. മാത്രവുമല്ല ബ്ലോക്ക് തലത്തിലെ ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മറ്റികൾ ഈ റിപ്പോർട്ട് വിശദമായി പരിശോധിക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ തുടർ വർഷങ്ങളിൽ ഇത്തരം പ്രോജക്ടുകൾക്ക് എത്ര തുക നൽകണമെന്ന് തീരുമാനിക്കേണ്ടതുമാണ്. ഗോത്രസാരഥി പദ്ധതി 2022-23 വർഷത്തോടെ പട്ടിക ജാതി വകുപ്പ് മുഖേന നേരിട്ട് നടപ്പാക്കുന്നതിനാൽ ഇതുവരെ നടത്തിയ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള റിപ്പോർട്ട് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അതോടൊപ്പം പദ്ധതി ചെലവിൽ പടിഞ്ഞാറത്തറ, മേപ്പാടി ഗ്രാമപഞ്ചായത്തിന് നൽകിയ തുക കഴിച്ചുള്ള 45000 രൂപയുടെ വിനിയോഗ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-25 കർളാട് ടൂറിസം പദ്ധതി യാഥാർഥ്യമാക്കാനുള്ള തുടർ പ്രവർത്തനങ്ങൾ ഊർജിതമാക്കേണ്ടതാണ്.

പതിനാലാം പദ്ധതിയുടെ സവിശേഷ വികസന ലക്ഷ്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളിലും മറ്റു വികസന പ്രവർത്തനങ്ങളിലും ഉത്പാദനമേഖലയിൽ ആധുനീക സാങ്കേതിക വിദ്യപ്രയോഗിക്കുക, വ്യവസായം, ടൂറിസം,ഗതാഗതം മുതലായ മേഖലയുടെ വളർച്ച എന്നിവ പ്രധാന ലക്ഷ്യങ്ങളായി കണ്ടെത്തിയിട്ടുണ്ട്. ഈ ലക്ഷ്യങ്ങളിൽ

പ്രധാനപ്പെട്ട ഒന്നാണ് ടൂറിസം മേഖലയുടെ പ്രോത്സാഹനവും വളർച്ചയും. വികസന ലക്ഷ്യങ്ങൾ ആർജിക്കുന്നതിന് പൂർണ്ണമായും പദ്ധതി വിഹിതത്തെ ആശ്രയിക്കാതെ തനത് വരുമാനം കണ്ടെത്തി തദ്ദേശീയമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ട് അനിവാര്യമാണ്. ഇതിന്റെ ഭാഗമായി തരിയോട് ഗ്രാമപഞ്ചായത്ത് പരിധിയിലെ കർളാട് തടാകത്തിന് സമീപമുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 2.5 ഏക്കർ സ്ഥലത്ത് ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡും, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തും, തരിയോട് ഗ്രാമപഞ്ചായത്തും സംയുക്തമായി പദ്ധതി നടപ്പാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് 2022-2023 വാർഷിക പദ്ധതിയിൽ ഇതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ₹ 2,00,000 രൂപ വകയിരുത്തിയിരുന്നു. ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നിർമ്മിതി കേന്ദ്ര 7.5 കോടിരൂപയുടെ ഒരു റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ കേരള ഭവന സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലെ സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് വിട്ട് കിട്ടിയാൽ മാത്രമേ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട അനുമതികൾ സർക്കാറിൽ നിന്നും ലഭികുകയുള്ളൂ എന്ന സാഹചര്യത്തിൽ 2022-23 വാർഷിക പദ്ധതിയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുദ്ദേശിച്ച് വകയിരുത്തിയ ₹ 2,00,000 രൂപയുടെ പ്രോജക്ട് നടപ്പാക്കാനായിട്ടില്ല. പദ്ധതി നടപ്പാക്കാനാവശ്യമായ സ്ഥലം വിട്ട് കിട്ടുന്നതിന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ബ്ലോക്ക് അധികൃതർ കത്ത് നൽകിയതായി ഇതു സംബന്ധിച്ച വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 10/ 2022-2023 തീയതി 10-7-2023) ബ്ലോക്ക് പഞ്ചാത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവുമെന്ന് പ്രതീക്ഷിക്കുന്നതും, തൊഴിലും, വരുമാനവും സൃഷ്ടിക്കാൻ പര്യാപ്തവുമായ ഈ ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരുക്കുംഎന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-26 പത്രപരസ്യചാർജ്ജിനത്തിൽ അർഹമായ ഡിസ്കൗണ്ട് ലഭ്യമാക്കൽ- നടപടിസ്വീകരിക്കേണ്ടതാണ് .

ബ്ലോക്ക്പഞ്ചായത്തിന്റെ വിവിധ പ്രൊജക്കുകൾ സംബന്ധിച്ച് ഓരോ പദ്ധതി വർഷത്തിലും വിവിധയിനങ്ങൾക്ക് ടെണ്ടർ ക്വട്ടേഷൻ ഇനത്തിലും മറ്റ്ആവശ്യങ്ങൾക്കുമായി പത്രപരസ്യം നൽകിവരുന്നുണ്ട്. ഈയിനത്തിൽ ഒരോ വർഷത്തിലും തുക ചെലവഴിച്ചുവരുന്നുമുണ്ട്. 2022-23 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ഈവിധം പരസ്യം നൽകിയ ഇനത്തിൽ ബന്ധപ്പെട്ട പത്രസ്ഥാപനങ്ങൾക്ക് നൽകുന്ന പരസ്യ ചാർജ്ജിനത്തിൽ അർഹമായ ഡിസ്കൗണ്ട് ബില്ലിൽ കുറവുവരുത്തുന്നതായി കാണുന്നില്ല. ഇൻഫർമേഷൻ &പബ്ലിക്ക് റിലേഷൻസ് (ഡി) ഡിപ്പാർട്ട്മെന്റ് ഉത്തരവ് നംബർ ജി.ഒ.(ആർ.ടി) 288/14/I&PRD, തിരുവനന്തപുരം, തീയതി, 10-09-2014 ഖണ്ഡിക രണ്ടിൽ " A Discount Of 15% Will Be Allowed On All Advertisement Issued For Publication By Various Government Department /Universities /Autonomous Bodies /Public Undertakings Etc. Either Through This Department Or Directlyഎന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരസ്യ ചാർജ്ജിനത്തിൽ നൽകിയ ബിൽ തുകയുടെ ഉദാഹരണം ചുവടെ കൊടുക്കുന്നു.

| പത്രത്തിന്റെ പേര് | ബിൽ നം. തീയതി | നൽകിയ തുക | വൗച്ചർ നം. തീയതി | അർഹമായ ഡിസ്കൗണ്ട് |
|---|---|---|---|---|
| മാതൃഭൂമി | 321000076225 2-12-2021 | 6300 | 45/2022-23 8-7-2022 | 945 |
| മാതൃഭൂമി | 321000020652 17-07-2020 | 5880 | 45/2022-23 8-7-2022 | 882 |
| മാതൃഭൂമി | 321000056087 21-08-2019 | 5880 | 45/2022-23 8-7-2022 | 882 |

ഇതു സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട പത്രസ്ഥാപനങ്ങൾ പരസ്യചാർജ്ജിൽ ഇളവ് അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ

2022-23 വർഷത്തിൽ നൽകിയത് ഉൾപ്പെടെ പരസ്യചാർജ്ജ് നൽകിയത് പരിശോധിച്ച് അർഹമായ ഡിസ്കൗണ്ട് തുക തിരികെ ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 റിസോസ് റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മാണം.- സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർക്കാർ അനുമതിക്കായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതി 2022-2023 ൽ ഉൾപ്പെടുത്തി റിസോസ് റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മാണത്തിന് കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 16,74,100 രൂപയും, ശുചിത്വമീഷൻ ഗ്രാന്റിൽ നിന്നും 16,00000 രൂപയും ഉൾപ്പെടെ ആകെ 32,74,100 രൂപ വകയിരുത്തിയാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 9 ഗ്രാമപഞ്ചാത്തുകളിലേയും മാലിന്യം സംസ്കരണമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മാലിന്യസംസ്കരണത്തിനായി സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും റിസോസ് റിക്കവറി സെന്റർ നിർമ്മിക്കേണ്ടത് അനിവാര്യമാണ് ഇതിനായി കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 20 സെന്റ് സ്ഥലത്ത് റിസോസ് റിക്കവറി സെന്റർ നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുത്തതായി കാണുന്നു. എന്നാൽ കോട്ടത്തറ പഞ്ചായത്ത് ഉടമസ്ഥതയിലെ സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നത് സംബന്ധിച്ച സാങ്കേതിക പ്രശ്നം നിലനിൽക്കുന്നതായും, സ്ഥലം കൈമാറാതെ തന്നെ പ്രസ്തുത സ്ഥലത്ത് റിസോസ് റിക്കവറി സെന്റർ നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അനുമതി ലഭിക്കുന്നതിന് പ്രസ്തുത വിഷയം കോർഡിനേഷൻ കമ്മറ്റി മുമ്പാകെ വയ്ക്കുവാനും 30-01-2023 ലെ ഭരണസമിതി യോഗം തീരുമാനം എടുത്തതായി കാണുന്നു. ഇതു സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( നം.2 / 2022-23 തീയതി, 10-07-2023) ലഭ്യമാക്കിയ മറുപടിയിൽ .കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ ആർ.ആർ.എഫ് സ്ഥാപിക്കുന്നതിന് കണ്ടെത്തിയ സ്ഥലം കൈമാറികിട്ടാത്തതിനാലും, ഇതു സംബന്ധിച്ച് കോർഡിനേഷൻ കമ്മറ്റി തീരുമാനം ലഭ്യമാകാത്തതിനാലും 2022-23 വർത്തിൽ ടി പ്രൊജക്ട് വെറ്റിംഗ് പൂർത്തിയാക്കി ടെണ്ടറിലേക്ക് പോകാൻ സാധിച്ചില്ല എന്നും, 2023-24 വർഷത്തെ വാർഷിക പദ്ധതിയിൽ ഇതെ പേരിൽ ഇതെ തുക തന്നെ വകയിരുത്തി പ്രൊജക്ട് ഏറ്റെടുത്തിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

ദ്രുതഗതിയിലുള്ള നഗരവത്കരണവും ഉപഭോഗരീതികളിൽ അനുദിനം ഉണ്ടാവുന്ന മാറ്റങ്ങളും ഓരോ പ്രദേശത്തിന്റെയും ഖരമാലിന്യങ്ങളുടെ അളവിൽ ഭീമമായ വർദ്ധനവ് ഉണ്ടാക്കികൊണ്ടിരിക്കയാണ്. ഈ വിധം ടൺ കണക്കിന് മാലിന്യങ്ങൾ ദിവസവും സംസ്കരിക്കപ്പെടാതിരിക്കുമ്പോൾ പ്രശ്നം വളരെ ഗുരുതരമാക്കുന്നു. ആരോഗ്യത്തിനും, പരിസ്ഥിതിക്കും ഗുരുതര പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി അനുയോജ്യമായ ശാസ്ത്രീയ മാർഗ്ഗങ്ങൾ പൂർണ്ണമായും അവലംബിച്ച് തുടങ്ങിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്ന വിഷയം എന്ന നിലയിൽ വളരെയധികം തുക ഓരോ വർഷവും മാലിന്യ സംസ്കരണത്തിന് ചെലവഴിക്കുന്നുണ്ട്. ഖര, ജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽ നിന്നു തന്നെ ശേഖരിച്ച് സംസ്കരിച്ച് , തരംതിരിച്ച് മൂല്യവസ്തുകളായും, പുനരുപയോഗിക്കാൻ സാധിക്കുന്ന വസ്തുകളുടെ അസംസ്കൃത വസ്തുക്കളായും തരം തിരിച്ച് എടുക്കുന്നതിനുള്ള സെന്റർ എന്ന നിലയിൽ റിസോസ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്) സെന്റർ ആരംഭിക്കേണ്ടത് അനിവാര്യമാണ്. അതിന് വേണ്ടിയുള്ള സ്ഥലം എടുപ്പിനുള്ള തടസ്സം ഒഴിവാക്കികിട്ടുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 തൊഴിലുറപ്പ് പദ്ധതി ഭരണചെലവുകൾക്ക് കൈമാറിയ തുക പൂർണ്ണമായും തിരികെ ലഭ്യമായില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കരാർ ദിവസ വേതന ജീവനക്കാരുടെ ശമ്പളം മറ്റ് അത്യാവശ്യ ഭരണചെലവുകൾ ബ്ലോക്ക് പഞ്ചായത്തുകളുടെ ലഭ്യമായ തനത്, ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവവഴിക്കുന്നതിനും കേന്ദ്രഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരികെ നിക്ഷേപിച്ച് ക്രമീകരിക്കുന്നതിനും സർക്കാർ ഉത്തരവ് (സാധാ) 2941/തസ്വഭവ തീയതി 26-08-2017 ൽ വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വൗച്ചറുകളിലായി തനത് ഫണ്ടിൽ നിന്നും തുക മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കരാർ ദിവസ വേതന ജീവനക്കാരുടെ ശമ്പളം മറ്റ് അത്യാവശ്യ ഭരണചെലവുകൾ എന്നിവയ്ക്കായി കൽപ്പറ്റ ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നംബർ ,തീയതി | ചെക്ക് നംബർ,തീയതി | തുക |
|---|---|---|---|
| 1 | 01/2022-2023 Dt 2-4-2022 | 6868093 Dt 2-4-2022 | 3,27,766.00 |
| 2 | 15 /2022-2023 Dt 9-5-22 | 5077002 Dt 9-5-2022 | 3,17,030.00 |

| | | | |
|---|---|---|---|
| 3 | 31/2022-2023 Dt 3-5-22 | 5077002 Dt 9-5-2022 | 3,22,921.00 |
| 4 | 41/2022-2023 Dt 30-6-22 | 5077010 Dt 3-5-2022 | 3.21,034.00 |
| 5 | 52/2022-2023 Dt 01-8-22 | 5077025 Dt1-8-2022 | 3,25,813.00 |
| 6 | 61/2022-2023 Dt 01-9-22 | 5077034 Dt 1-9-2022 | 3,48,102.00 |
| 7 | 68/2022-2023 Dt 01-10-22 | 5077038 Dt 1-10-2022 | 3,12,587.00 |
| 8 | 80/2022-2023 Dt 01-11-22 | 5077045 Dt 1-11-2022 | 3,26,447.00 |
| 9 | 96/2022-2023 Dt 01-12-22 | 5077059 Dt 1-12-2022 | 3,09,412.00 |
| 10 | 109 /2022-2023 Dt 04-01-23 | 5077066 Dt 4-1-2023 | 3,38,822.00 |
| 11 | 121/2022-2023 Dt 02-02-23 | 5077076 Dt 2-2-2023 | 3,47,408.00 |
| 12 | 130/2022-2023 Dt 01-03-23 | 5077085 Dt 1-3-2023 | 1,78,027.00 |
| | | ആകെ | 37,75,369.00 |

ലഭ്യമായ രേഖകൾ പ്രകാരം 2022-2023 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ

നിന്നും 37,75,369.00 രൂപ ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഈ തുകയും മുൻവർഷങ്ങളിൽ ഇതെ ഇനത്തിൽ നൽകിയതിൽ ലഭിക്കാൻ ബാക്കിയുള്ള തുകയുടെയും വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 4/2022-23 തീയതി 10-07-2023) ലഭ്യമാക്കിയ മറുപടിയിൽ 2022-23 വർഷത്തിൽ നൽകിയ 37,75,369 രൂപയും, 2023-24 വർഷത്തിൽ നാളിതുവരെയായി നൽകിയ 9,63,825 രൂപയും, മുൻ വർഷങ്ങളിൽ നൽകിയ 27,65,928 രൂപയും ചേർത്ത് ആകെ ₹ 75,05,122 രൂപ നൽകിയതിൽ ₹ 33,36,710 രൂപ തിരികെ ലഭിച്ചതായും, ₹ 41,68,412 രൂപ തിരികെ ലഭിക്കാൻ ബാക്കിയുള്ളതായി അറിയിച്ചിട്ടുണ്ട്. ലഭിക്കാൻ ബാക്കിയുള്ള തുക ലഭ്യമാകുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തിലും ഈ വിധം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൽപ്പറ്റ ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് നൽകിയ തുകയുടെയും, തിരിച്ചുകിട്ടിയ തുകയുടെയും കണക്ക് കൃത്യമായി ഒരു രജിസ്റ്ററിൽ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി തുടർ വർഷങ്ങളിലെ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-29 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലെ ഭൂആസ്തികൾ കണ്ടെത്തി സംരക്ഷിക്കേണ്ടതാണ്

തദ്ദേശസ്ഥാപനങ്ങളുടെ ആസ്തികൾ സംരക്ഷിക്കേണ്ടതും പരിപാലിക്കേണ്ടതും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിയമപരമായ ചുമതലയാണ്. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റ ഉടമസ്ഥതയിലെ ഭൂആസ്തികൾ സംബന്ധിച്ച് ഓഡിറ്റിന് ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സർവ്വെ നംബർ | വിസ്തീർണ്ണം | വില്ലേജ് |
|---|---|---|
| 530/ 1, 79 /1 | 9 സെന്റ് | കൽപ്പറ്റ വില്ലേജ് |
| 530 /3, 79 | 12.3 സെന്റ് | കൽപ്പറ്റ വില്ലേജ് |
| 80/3, 530/2 | 3.11 സെന്റ് | കൽപ്പറ്റ വില്ലേജ് |
| 79, 530 2, 530 /3 | 3.45 സെന്റ് | കൽപ്പറ്റ വില്ലേജ് |
| 282 /1, 282 /3-2 | 60. സെന്റ് | കുന്നത്തിടവക വില്ലേജ് |
| 107 /1എ1എ231, 122 /5 | 5 സെന്റ് | കോട്ടത്തറ വില്ലേജ് |
| 411/12 | 30 സെന്റ് | കുപ്പാടിത്തറ വില്ലേജ് |
| ആകെ | 122.86 സെന്റ് | |

മേൽ പട്ടിക പ്രകാരം വിവിധ വില്ലേജുകളിലായി 122.86 സെന്റോളം ഭൂമി ബ്ലോക്ക് പഞ്ചായത്തിനുണ്ട്. ഇതിൽ വൈത്തിരി വില്ലേജിലെ 60 സെന്റിലധികം ഭൂമിയുള്ളത് സംബന്ധിച്ച് വളരെ അടുത്ത കാലത്താണ് ബ്ലോക്ക് പഞ്ചായത്തിന് കണ്ടെത്തിയതും നികുതി ഒടുക്കിയിട്ടുള്ളതും, ഇതുപോലെ തരിയോട് വില്ലേജിലും കോട്ടത്തറ വില്ലേജിലും ബ്ലോക്ക് പഞ്ചായത്തിന് ഉടമസ്ഥതയുള്ള ഭൂമി ഉള്ളതായും എന്നാൽ അതിന്റെ റവന്യൂരേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും അയത് കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട് എന്നുമാണ് ഓഡിറ്റിൽ വിശീകരിച്ചിട്ടുള്ളത്. ഇതുപോലെ മറ്റ് ഏവിടെയെങ്കിലും ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ സ്ഥിതിചെയ്യുന്നുണ്ടോ എന്ന കാര്യം ബന്ധപ്പെട്ട റവന്യൂ അധികാരികളെ സമീപിച്ച് കണ്ടെത്തി നികുതി ഒടുക്കി സംരക്ഷിക്കുന്നതിന് ശ്രമങ്ങൾ ഉണ്ടാവേണ്ടതാണ്. അതുപോലെ വൈത്തിരിയിൽ ഉൾപ്പെടെ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലെ സ്ഥലത്തിന്റെ

വിസ്തീർണ്ണം താലൂക്ക് സർവ്വെ വിഭാഗത്തിന്റെ സഹായത്തോടെ അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ച് ചുറ്റുമതിൽ / കമ്പിവേലി കെട്ടി സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ഭൂആസ്തികളിലെ വൃക്ഷങ്ങൾ ഉൾപ്പടെയുള്ളവ സർവ്വെ നടത്തി വൃക്ഷ രജിസ്റ്റർ തയ്യാറാക്കി രേഖപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റ കൈവശമുള്ള ഭൂമി ഉപയോഗപ്പെടുത്തി അനുയോജ്യമായ പദ്ധതികൾ നടപ്പാക്കുന്നതിനും അതിലൂടെ തനത് വരുമാനം ലഭിക്കുന്നതിനുള്ളവഴി കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 സ്വയം തൊഴിൽ സംരഭത്തിന് സബ്സിഡി ലഭിച്ച ഗ്രൂപ്പുകൾ സംരഭം തുടങ്ങിയില്ല.

ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 പദ്ധതി വർഷത്തിൽ ബാങ്ക് ലോൺ മുഖേന ആരംഭിച്ചിട്ടുള്ള മേൽ സംരംഭങ്ങൾക്ക് ബാക്ക് എൻഡ് സബ്സിഡി തുക അനുവദിച്ച് നടപ്പിലാക്കിയ സ്വയം തൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച പ്രൊജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രൊജക്ട് നം | 69/23 |
| പ്രൊജക്ട് | വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തെഴിൽ സംരംഭം |
| അടങ്കൽ | 1200000.00 |
| ഫണ്ട് | വികസന ഫണ്ട് (പൊതുവിഭാഗം) |
| ചെലവ് | 1200000.00<br>2/22-23 Dtd 17/3/23 -₹ 900000.00<br>4/22-23 Dtd 21/3/22 - ₹ 300000 .00 |

മേൽ പ്രോജക്ട് വഴി 4 വനിതാ ഗ്രൂപ്പുകൾക്ക് ധനസഹായം നൽകുക എന്നതാണ് ലക്ഷ്യമാക്കിയിട്ടുള്ളത്. ഇതുപ്രകാരം കൈരളി വനിതാ ലോൺട്രി, പുലരി സ്വാശ്രയ സംഘം,സൂര്യ ഗ്രൂപ്പ് ,ഉദയ ടൈലറിംഗ് യൂണിറ്റ് എന്നി ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കാൻ ₹ 300000 വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ പുലരി സ്വാശ്രയ സംഘം സംരംഭം ആരംഭിച്ചതായി കാണുന്നില്ല.

2.

| | |
|---|---|
| പ്രൊജക്ട് നം | 70/23 |
| പ്രൊജക്ട് | ജനറൽ ഗ്രൂപ്പുകൾക്ക് സ്വയം തെഴിൽ സംരംഭം |
| അടങ്കൽ | 600000.00 |
| ഫണ്ട് | വികസന ഫണ്ട് (പൊതുവിഭാഗം) |
| ചെലവ് | 600000.00<br>6/22-23 Dtd 28/3/23 -₹ 600000.00 |

മേൽ പ്രോജക്ട് വഴി 3 ഗ്രൂപ്പുകളായ ഗോകുലം ജെ.എൽ.ജി, സ്പൈസസ് വിൻഡ്,സ്നേഹ ടൈലറിംഗ് യൂണിറ്റ് എന്നിവയ്ക്ക്

സ്വയം തൊഴിൽ സംരംഭം ആരംഭിക്കാൻ ₹200000വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്പൈസസ് വിൻഡ് സ്വാശ്രയ സംഘം സംരംഭം ആരംഭിച്ചതായി കാണുന്നില്ല.

3.

| | |
|---|---|
| പ്രൊജക്ട് നം | 71/23 |
| പ്രൊജക്ട് | പട്ടിക വർഗ വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തെഴിൽ സംരംഭം |
| അടങ്കൽ | 1200000.00 |
| ഫണ്ട് | വികസന ഫണ്ട് (ടി.എസ്.പി) |
| ചെലവ് | 1200000.00<br>1/22-23 Dtd 17/3/23 -₹ 900000.00<br>8/22-23 Dtd 28/3/23 - ₹ 300000 .00 |

മേൽ പ്രോജക്ട് വഴി 3 വനിതാ ഗ്രൂപ്പുകളായ ഭ്രമിക സ്വാശ്രയ സംഘം, ഒരുമ സ്വാശ്രയ സംഘം,കൊള്ളിവയൽ ടൈലറിംഗി യൂണിറ്റ് എന്നിവയ്ക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കാൻ ₹300000വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ മൂന്ന് സംഘങ്ങളും സംരംഭം ആരംഭിച്ചതായി കാണുന്നില്ല.

4.

| | |
|---|---|
| പ്രൊജക്ട് നം | 72/23 |
| പ്രൊജക്ട് | പട്ടിക ജാതി വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തെഴിൽ സംരംഭം |
| അടങ്കൽ | 2100000.00 |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | 1400000.00<br>3/22-23 Dtd 21/3/23 -₹ 350000.00<br>5/22-23 Dtd 21/3/23 - ₹ 350000.00<br>7/22-23 Dtd 28/3/23 - ₹700000.00 |

മേൽ പ്രോജക്ട് വഴി 4 വനിതാ ഗ്രൂപ്പുകൾക്കളായ ശ്രീക്രഷ്ണ ബേക്കറി, തനിമ സംഘം,വൈഷ്ണവ ഗ്രൂപ്പ്, നവജ്യോതി സംഘം എന്നിവയ്ക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കാൻ ₹350000വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ ശ്രീക്രഷ്ണ ബേക്കറി, തനിമ സംഘം, നവജ്യോതി എന്നീ സംഘങ്ങൾ സംരംഭം ആരംഭിച്ചതായി കാണുന്നില്ല.

മേൽ പരാമർശിച്ച ഗ്രൂപ്പുകൾ നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണവും മേൽ ഗ്രൂപ്പുകളിന്മേൽ സ്വീകരിച്ച നടപടിയും സംബന്ധിച്ച് അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വഷണകുറിപ്പിന് (നം.14/13.07.2023) നൽകിയ മറുപടിയിൽ പുലരി സ്വാശ്രയ സംഘം,ഭ്രമിക സ്വാശ്രയ സംഘം, ഒരുമ സ്വാശ്രയ സംഘം,കൊള്ളിവയൽ ടൈലറിംഗി യൂണിറ്റ്, സ്പൈസസ് വിൻഡ്,ശ്രീക്രഷ്ണ ബേക്കറി യൂണിറ്റ്,തനിമ എന്നീ സംഘങ്ങൾക്ക് മെഷീനറി ലഭ്യമാകാനുള്ള താമസംകൊണ്ടും നവജ്യോതി സഘത്തിന് കെട്ടിടം

ലഭ്യമാകാനുള്ള താമസം കൊണ്ടുമാണ് പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം അറിയിച്ചത്.

ബാങ്ക് ലോൺ മുഖേന ആരംഭിച്ചിട്ടുള്ള മേൽ സംരംഭങ്ങൾക്ക് ബാക്ക് എൻഡ് സബ്സിഡിയായാണ് തുക അനുവദിച്ചിട്ടുള്ളത്. സർക്കാർ ധനസഹായം വിനിയോഗിച്ച് ആരംഭിച്ചിട്ടുള്ള ഇത്തരം സംരംഭങ്ങളുടെ തുടർപ്രവർത്തനങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ വിലയിരുത്തേണ്ടതാണ്.

സംരംഭം പ്രവർത്തിക്കുന്നില്ലെങ്കിൽ തുക എത്രയും പെട്ടെന്ന് പലിശ സഹിതം തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കുന്ന പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഗ്രൂപ്പ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിലും സംരംഭത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിലും അതത് വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും കുറെ കൂടി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-31 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയില്ല

